# അൽഹഖ്

ജൂൺ 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA

PRIVATE CIRCULATION


## ജമാഅത്ത് ഭാരവാഹികളും മുബല്ലിഗുമാരും യോജിച്ച് പ്രവർത്തിക്കുക

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

**ജ**മാഅത്ത് വ്യവസ്ഥിതി നടപ്പിൽവരുത്തുന്നതിന് ഏകനിറമുണ്ടാകേണ്ടത് നിർബന്ധമായതുകൊണ്ടാണ് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിനോടുള്ള അനുസരണത്തിലും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണത്തിലും അധികമായ സമ്മർദ്ദം ചെലുത്തുന്നത്. ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദ് വന്നതിനുശേഷം ***മിൻഹാജിന്നുബുവ്വത്തിന്റെ*** സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകേണ്ടതാണെന്ന് നബി(സ) തിരുമേനി പറയുകയുണ്ടായി. അത് എന്നെന്നും നിലനില്ക്കുന്ന ഖിലാഫത്താണ്. ഇതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞു: "രണ്ടാമത്തെ ശക്തിപ്രഭാവം കാണേണ്ടതും നിങ്ങൾക്കു നിർബന്ധമാണ്. അതിന്റെ വരവ് നിങ്ങൾക്ക് ഉത്തമമാണ്. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. ഇതിന്റെ പരമ്പര ഖിയാമത്തുന്നാൾ വരെ മുറിഞ്ഞുപോകുകയില്ല. വീണ്ടും അവിടുന്ന് പറഞ്ഞു: അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ജമാഅത്തിനെ അറിയിക്കുക, വിശ്വസിച്ചവർ, എന്നുവെച്ചാൽ, ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ ഒരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. അവരത്രെ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ."




ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഈ അനശ്വരമായ ശക്തിപ്രഭാവത്തോടൊപ്പം ബന്ധപ്പെട്ടിരിക്കുന്നതിനും അവിടുത്തെ ജമാഅത്തുമായി ചേർന്നിരിക്കുന്നതിനും ഖിലാഫത്തുമായിബന്ധപ്പെട്ടിരിക്കുന്നതിനും വേണ്ടി അനുസരണത്തിന്റെ ഉന്നതമായ നില നാട്ടേണ്ട ആവശ്യമുണ്ട്. ഇതിൽനിന്ന് പുറത്തുപോകുക എന്ന വിചാരം പോലും ഒരു അഹ്മദിയ്ക്കും ഉണ്ടാകാൻ പാടില്ല. ജമാഅത്തുവ്യവസ്ഥിതിയ്ക്കെതിരെ പരാതി ഉയരുന്ന ഒരുപാട് സന്ദർഭങ്ങളുണ്ടാകാം. ഓരോരുത്തർക്കും അവരുടേതായ ചിന്താഗതിയും വിചാരവുമുണ്ടാകും. ഏതു കാര്യത്തിലും അഭിപ്രായവും വിഭിന്നങ്ങളാകാം. ഏതെങ്കിലും പ്രവൃത്തി ചെയ്യാനുള്ള രീതിയിലും അഭിപ്രായഭിന്നതയുണ്ടാകാം. പക്ഷേ, ജമാഅത്ത് വ്യവസ്ഥിതിയുടേയും, ഖിലാഫത്ത് വ്യവസ്ഥിതിയുടേയും കെട്ടുറപ്പിനായി ജമാഅത്ത് വ്യവസ്ഥിതിയുടെ തീരുമാനത്തെ, അല്ലെങ്കിൽ അമീറിന്റെ തീരുമാനത്തെ അംഗീകരിക്കുക എന്നത്, കാലത്തിന്റെ ഖലീഫ ആ തീരുമാനത്തോടു യോജിച്ചതുകൊണ്ടും തനിക്കുവേണ്ടി തീരുമാനമെടുക്കാൻ അമീറിനെ ഖലീഫ ചുമതലപ്പെടുത്തിയതുകൊണ്ടും നിർബന്ധമാണ്. എടുത്ത തീരുമാനം തെറ്റാണെന്നും അതുമുഖേന ജമാഅത്തിന് കോട്ടം ഉണ്ടാകുമെന്നും ആർക്കെങ്കിലും തോന്നിയാൽ, കാലത്തിന്റെ ഖലീഫയെ അറിയിക്കുക എന്നതുതന്നെ മതിയായതാണ്. പിന്നീട് കാലത്തിന്റെ ഖലീഫ അതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യട്ടെ. അല്ലാഹുതആല അദ്ദേഹത്തെ ഉത്തരവാദിയും സൂക്ഷിപ്പുകാരനുമാക്കിയിരിക്കുന്നു. ഖലീഫ, ഖിലാഫത്ത് സ്ഥാനത്ത് തന്റെ ഇഷ്ടത്താലല്ല വരുന്നത്. മറിച്ച്, അല്ലാഹുവാണ് ആ സ്ഥാനത്ത് അദ്ദേഹത്തെ അവരോധിക്കുന്നത്. അങ്ങനെ വരുമ്പോൾ, തെറ്റായ തീരുമാനമുണ്ടായാൽപോലും അല്ലാഹു അതിന് സൽഫലമുളവാക്കുന്നതാണ്. കാരണം, ഖിലാഫത്തു കാരണത്താൽ സത്യവിശ്വാസികളുടെ ഭയാവസ്ഥ, സമാധാനത്തിലേക്ക് മാറ്റുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. സത്യവിശ്വാസികളുടെ ജോലി അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ കല്പനകൾ ജീവിതത്തിൽ പാലിക്കുകയും അവന്റെ റസൂലിന്റെ കല്പനകൾ പിൻപറ്റാൻ ശ്രമിക്കുകയും ചെയ്യുക എന്നതുമാത്രമാണ്. നബി തുടങ്ങി വെച്ച വ്യവസ്ഥിതി നടപ്പിൽവരുത്താൻ ഖലീഫ ജമാഅത്തിനെ ഉപദേശിക്കുകയും ശരീഅത്തിന്റെ കല്പനകൾ നടപ്പിൽവരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അദ്ദേഹത്തെയും അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥിതിയേയും അനുസരിക്കുക. ജമാഅത്തംഗങ്ങ

*(ശേഷം 3-ാം പേജിൽ)*

## ജ: അബ്ദുർറഹീം സാഹിബ് നിര്യാതനായി

**കണ്ണൂർസിറ്റി, ജൂൺ 24:** കേരളത്തിലെ അറിയപ്പെട്ട പത്രപ്രവർത്തകനും എഴുത്തുകാരനുമായ ജ: എൻ. അബ്ദുർ റഹീം സാഹിബ്(79) വാർദ്ധക്യസഹജമായ രോഗങ്ങളാൽ ജൂൺ 24-ന് ശനിയാഴ്ച സ്വവസതിയിൽ നിര്യാതനായി. (*ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ*) 1946-ൽ സത്യദൂതൻ മാസികയുടെ സഹപത്രാധിപരായി പത്രപ്രവർത്തനരംഗത്ത് വന്ന പരേതൻ 1948-ൽ 'പൗരശക്തി' ദിനപത്രത്തിന്റെ കണ്ണൂർ ലേഖകനായി. 1949-ൽ ചന്ദ്രിക ദിനപത്രത്തിന്റെ ലേഖകനായും 1969 മുതൽ മാതൃഭൂമിയുടെ കണ്ണൂർ ലേഖകനായും പ്രവർത്തിച്ചു. 1982-ൽ മാതൃഭൂമിയുടെ കണ്ണൂർ ജില്ലാ ബ്യൂറോ ചീഫായി സേവന മനുഷ്ഠിച്ചു. അബ്ദുർ റഹീം സാഹിബ് ആകാശവാണിയുടെ ആദ്യത്തെ കണ്ണൂർ ജില്ല ലേഖകനുമായിരുന്നു. കണ്ണൂർജില്ലാ പ്രസ്സ് ക്ലബ്ബ് പ്രസിഡന്റായും സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സത്യദൂതൻ മാസികയുടെ എഡിറ്ററായി 40 വർഷക്കാലം പ്രവർത്തിച്ച അബ്ദുർ റഹീം സാഹിബ് അഹ്മദിയ്യാ സാഹിത്യത്തിന് വിലപ്പെട്ട സംഭാവനകളാണ് നൽകിയിട്ടുള്ളത്. വാഗ്ദത്ത മസീഹിന്റേതുൾപ്പെടെ 30-ലേറെ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുകയും സ്വന്തം നിലയിൽ 20-ഓളം ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ അറിയപ്പെട്ട പ്രഭാഷകനും ഉർദു, ഇംഗ്ലീഷ് പ്രസംഗങ്ങളുടെ പരിഭാഷകനുമായിരുന്നു അദ്ദേഹം. കേരള അഹ്മദിയ്യാ കേന്ദ്രസമിതി സ്ഥാപകാംഗം, സൂബായി ഇമാറത്തംഗം, അഹ്മദിയ്യാ ശതവാർഷിക കമ്മിറ്റി ജനറൽ കൺ വീനർ, കണ്ണൂർ അഹ്മദിയ്യാ ജമാഅത്ത് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. എടക്കാട് എം.എൽ.എ. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ, കണ്ണൂർ എം.എൽ.എ. ശ്രീ.കെ.സുധാകരൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ. എം.കെ. രാഘവൻ, എൻ.ജി.ഒ. അസോസിയേഷൻ സംസ്ഥാന നേതാവ് ശ്രീ. കെ.പി. ജയാനന്ദൻ, പത്രപ്രവർത്തകർ, ജമാഅത്തിന്റെ വിവിധ ഭാരവാഹികൾ, പൗരപ്രമുഖർ എന്നിവർ ജനാസ കാണുന്നതിന് എത്തിച്ചേർന്നിരുന്നു.കേന്ദ്രമന്ത്രി ജനാബ് ഇ. അഹ്മദ് സാഹിബ്, മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്ചുതാനന്ദൻ, ശ്രീ. പിണറായി വിജയൻ എന്നിവർ അനുശോചനം രേഖപ്പെടുത്തി. വടകര ഉമ്മർച്ചിന്റവിട നഫീസയാണ് ഭാര്യ. അബ്ദുർ റഊഫ്, അബ്ദുൽ ഗഫൂർ, ജുവൈരിയ ഗൗഹർ, ഖുദ്സിയ ജൗഹർ, റൂബിയസാദിഖ, നൂരിയ ശൗക്കത്ത്, ഫൗമിയ മുബാറക്ക, സമിയസിദ്ദീഖ എന്നിവർ മക്കളും; ശംസുദ്ദീൻ, അബ്ദുർറഹീം, നൗശാദ്.ടി, നിശാത്ത്. എം. സി, സിദ്ദീഖ് മുഹമ്മദ്, ബുഷ്റ, റശീദ എന്നിവർ മരുമക്കളുമാണ്. സഹോദരങ്ങൾ: എൻ. അബ്ദുൽ കരീം, എൻ. അബ്ദുർറശീദ് എൻ. അസ്മാബി.



## ജീവിതത്തിലേക്ക് വീണ്ടും...

**പള്ളുരുത്തി**: കഴിഞ്ഞ വർഷം ജൂണിൽ ആന്ധ്രപ്രദേശിലെ അനന്ത്പൂർ ജില്ലയിലെ മുക്ട് പേട്ടിൽ നിന്ന് വഴിതെറ്റിയെത്തിയ യുവതിക്കും മക്കൾക്കും നഷ്ടപ്പെട്ട ജീവിതം തിരികെ ലഭിച്ചു. ഈ പുനഃസമാഗമത്തിന് നിതാനമായതാവട്ടെ ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകരും. ട്രക്ക് ഡ്രൈവറായ ഭർത്താവ് റഷീദിനെ തിരഞ്ഞാണ് ഷാഹിദയും (ഖുലാബ് ജാൻ) മക്കളായ ചോട്ടു (5), മുജാഹിദ്(3), ചിന്നു(2) എന്നിവരും എറണാകുളത്ത് തീവണ്ടിയിറങ്ങിയത്. മാനസിക വിഭ്രാന്തിയാൽ ആദ്യ ദിവസങ്ങളിൽ ചുറ്റും എന്താണ് സംഭവിക്കുന്നതെന്ന് ഓർക്കാൻ ഈ യുവതിക്ക് സാധിച്ചിരുന്നില്ല. സ്ഥലവും സമയവും അറിയാതെ എറണാകുളത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ചുറ്റിത്തിരിഞ്ഞ യുവതിയെയും കുട്ടികളെയും അവിടെ നിന്ന് പോലിസ് കണ്ടെത്തുകയായിരുന്നു. ഷാഹിദയെ പള്ളുരുത്തിയിലെ അഗതി മന്ദിരത്തിലും കുട്ടികളെ കോട്ടയം പുതുവേലി ഷെപ്പേർഡ് ചിൽഡ്രൻസ് ഹോമിലും പ്രവേശിപ്പിച്ചു.

ഈ സമയം ഇവരുടെ സ്വദേശത്ത് വീട്ടുകാർ അന്വേഷണം തുടരുകയായിരുന്നു. യുവതിയുടെ ഓട്ടോറിക്ഷാ ഡ്രൈവറായ സഹോദരൻ ബാവ ഫക്രുദ്ദീൻ ഇവർക്ക് വേണ്ടി അനേകം സ്ഥലങ്ങളിൽ അന്വേഷണം നടത്തിയിരുന്നു. രോഗം ഭേദമാകാൻ തുടങ്ങിയതോടെ ഷാഹിദയുടെ ഓർമ്മ തിരികെ വന്നു. കൂടെയുണ്ടായിരുന്ന കുട്ടികളെ കാണാഞ്ഞപ്പോൾ വേവലാതി കൂടുകയും ചെയ്തു. ഇതിനിടയിലാണ് ഖിദ്മത്തെ ഖൽഖ് പരിപാടിയുടെ ഭാഗമായി ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ മൗലവി നാസിർ അഹ്മദ് സാഹിബ്, മേഖലാ അമീർ അഹ്മദ് കബീർ സാഹിബ്, സൗത്ത് ഇലാഖാ ഖാഇദ് അബൂബക്കർ സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ അഗതി മന്ദിരത്തിലെത്തുന്നത്. യുവതിയുടെ കദനകഥ കേട്ട അവർ ആന്ധ്രാപ്രദേശിലെ അഹ്മദിയ്യാ മുബല്ലിഗിനെ ബന്ധപ്പെട്ടു. അദ്ദേഹം അക്ബർ എന്ന അഹ്മദിയെ ഷാഹിദയുടെ സ്ഥലത്തേക്കയച്ച് വീട്ടുകാരെ വിവരമറിയിച്ചു. ഉടൻ തന്നെ സഹോദരൻ അഗതിമന്ദിരത്തിലെത്തിച്ചേരുകയും യുവതിയെയും കുട്ടികളെയും സ്വദേശത്തേക്ക് കൊണ്ടുപോവുകയും ചെയ്തു. ഈ അഗതിയുടെ ജിവിതം തിരികെ ലഭിക്കാനുള്ള മാധ്യമമായി മാറാൻ കഴിഞ്ഞ ഖുദ്ദാമുൽ അഹ്മദിയ്യ ഏറെ പ്രശംസിക്കപ്പെട്ടു.

## അഹ്മദി യുവാക്കൾ അറസ്റ്റിൽ!!

**ജഹാദോസാഹി (ലാഹോർ):** പാക് പഞ്ചാബിലെ ലാഹോറിനടുത്തുള്ള ജഹാദോസാഹി ഗ്രാമത്തിൽ വിശുദ്ധ ഖുർആൻ കത്തിച്ചു എന്നാരോപിച്ചുകൊണ്ട് രണ്ട് അഹ്മദി യുവാക്കളെ പോലീസ് അറസ്റ്റ് ചെയ്തു. വഖാർ, നവാസ് എന്നിവരാണ് പോലീസ് കസ്റ്റഡിയിലായത്. ഈ സംഭവത്തെ തുടർന്ന് ഗ്രാമത്തിൽ അഹ്മദികൾക്കെതിരെ കടുത്ത അക്രമങ്ങൾ അരങ്ങേറി. കൂടാതെ നിരവധി അഹ്മദി യുവാക്കളെ പോലീസ് ഉപദ്രവിക്കുകയും ചെയ്തു. ഈ വ്യാജാരോപണം ആസൂത്രിതമായ അഹ്മദി വിരുദ്ധ ഗൂഢാലോചനയാണെന്ന് നിഷ്പക്ഷ മാധ്യമങ്ങൾ വിലയിരുത്തുന്നു.

## ബംഗ്ലാദേശ്: കുഴപ്പം മൂർച്ഛിക്കുന്നു

**ധാക്ക:** ജൂൺ അവസാനവാരത്തോടെ ബംഗ്ലാദേശിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം അക്രമാസക്തമായിത്തീർന്നിരിക്കുന്നു. ഇതിന് നേതൃത്വം നൽകുന്നത് ഖതമെനുബൂവ്വത്ത് എന്ന സംഘടനയാണ്. ഈ സംഘടനയുടെ നേതാവ് നൂർ ഹസൻ നൂറാനി കടുത്തഭാഷയിൽ അഹ്മദിയ്യത്തിനെതിരെ പ്രസംഗം തുടരുന്നുണ്ട്. ഏകദേശം 25-ഓളം അഹ്മദീകേന്ദ്രങ്ങൾ അക്രമിക്കപ്പെട്ടു. അട്ടാറയിൽ രണ്ട് ദിവസത്തെ ഹർത്താൽ ആഹ്വാനം ചെയ്ത അഹ്മദിവിരുദ്ധർ കടകളും വാഹനങ്ങളും ആക്രമിച്ചു. അട്ടാറയിലേയും നാദപ്പാറയിലേയും അഹ്മദിപള്ളികൾ പിടിച്ചെടുക്കാൻ ശ്രമിച്ചു. അക്രമങ്ങൾ പെരുകിയതോടെ ബംഗ്ലാദേശിലെ അഹ്മദി കേന്ദ്രങ്ങൾക്ക് അഹ്മദിയ്യാ അമീർ അബ്ദുൽ അവ്വൽ ചൗധരി പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിട്ടുണ്ട്.

# ചെറുപ്പകാലം മുതൽ കുട്ടികളിൽ നല്ലശീലം വളർത്തിയെടുക്കുക

**എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്**

**കണ്ണൂർസിറ്റി, ജൂൺ 18:** ചെറുപ്പകാലം മുതൽ തന്നെ കുട്ടികളിൽ നല്ല ശീലം വളർത്തിയെടുക്കുന്നതിന് മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ കണ്ണൂർ മേഖലാ അമീർ ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് പറഞ്ഞു. കണ്ണൂർസിറ്റി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് നടത്തിയ വിദ്യാർത്ഥി-രക്ഷാകർതൃദിനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷലിപ്തമായ ഈ കാലഘട്ടത്തിൽ അതിന്നായി ആദ്യം ചെയ്യേണ്ടത് പ്രാർത്ഥിക്കുക എന്നതാണ്. മാതാപിതാക്കൾ മക്കൾക്കു വേണ്ടിയും മക്കൾ മാതാപിതാക്കൾക്കു വേണ്ടിയും പ്രാർത്ഥിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ജമാഅത്ത് പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് സാഹിബ് അധ്യക്ഷനായിരുന്നു. തുടർന്ന് ആത്മീയവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബും ഭൗതികവിദ്യാഭ്യാസത്തെ സംബന്ധിച്ച് പ്രൊഫ. മഹ്മൂദ ഹ്മദ് സാഹിബും ക്ലാസ്സുകളെടുത്തു. വിവിധ പരീക്ഷകൾ ജയിച്ച വിദ്യാർത്ഥികൾക്കുള്ള ഉപഹാര സമർപ്പണവും ഉർദു ബി.എയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ നസ്റ നർഗീസിനുള്ള ക്യാഷ് അവാർഡ് ദാനവും അമീർ സാഹിബ് നടത്തി. ടി. നിയാസ് അഹ്മദ് ഖുർആൻ പാരായണം ചെയ്തു. ശംസുദ്ദീൻ.ടി സ്വാഗതം പറഞ്ഞു.

ഉച്ചയ്ക്കുശേഷം നടത്തിയ ചോദ്യോത്തര സദസ്സിൽ പ്രൊഫ. എം. മുഹമ്മദ് സാഹിബ്, പ്രൊഫ. മുസഫർ അഹ്മദ് സാഹിബ്, ടി. ശറഫുദ്ദീൻ സാഹിബ്, പി. ശഫീഅഹ്മദ് സാഹിബ് എന്നിവർ സംബന്ധിച്ചു. ലജ്നാ നാസിറാത്ത് അംഗങ്ങൾക്കായി ജുവൈരിയ ഗൗഹർ ശംസ് ക്ലാസ്സെടുത്തു.

# ഇസ്ലാമിക വിജയത്തിന് ഖിലാഫത്ത് അനിവാര്യം

**മൗലവി മുഹമ്മദ് ഉമർ സാഹിബ്**

**മഞ്ചേരി, ജൂൺ 4:** ഇസ്ലാമിന്റെ ആഗോളവിജയം സാധ്യമാകുന്നതിന് ഖിലാഫത്ത് അത്യാവശ്യമാണെന്ന് അഹ്മദിയ്യാ മുസ്ലിം ചീഫ് മിഷണറിയും സംസ്ഥാന കോ-ഓർഡിനേറ്ററുമായ മൗലവി മുഹമ്മദ് ഉമർ സാഹിബ് പ്രസ്താവിച്ചു. നോർത്ത് ഇലാഖ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തിയ നൗമുബായീൻ ക്യാമ്പിന്റെ ഭാഗമായുള്ള ഖിലാഫത്ത് ദിനയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഖിലാഫത്തിലൂടെ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് കൈവരിച്ച വളർച്ചയും നേട്ടങ്ങളും ശത്രുക്കളുടെമേൽ നേടിയ വിജയങ്ങളും അദ്ദേഹം വിവരിച്ചു. ബാസിത്ത് മുസ്ലിം സാഹിബ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. ആദിൽ മഞ്ചേരി ഖുർആൻ പാരായണം നടത്തി. ഗുലാം അഹ്മദ് സാഹിബ് നന്ദി പറഞ്ഞു.

## കാർട്ടൂൺ വിവാദ വിശദീകരണയോഗം

**പള്ളിപ്പുറം:** പള്ളിപ്പുറം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 'മുഹമ്മദ് നബി (സ) ജീവിതവും ദർശനവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധ സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ നടത്തി. കാർട്ടൂൺ വിവാദത്തിന്റെ പശ്ചാത്തലത്തിൽ അതിന്റെ വിശദീകരണമെന്നോണമാണ് ഈ യോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. പള്ളിപ്പുറം, കരിയന്നൂർ, പരുതൂർ, പുളിക്കപ്പറമ്പ്, മംഗലം, കുളമുക്ക്, പാലത്തറ, കൊടിക്കുന്ന്, നാടപ്പറമ്പ്, ചെമ്പ്ര, വെളുത്തൂർ, കാരക്കുന്ന് എന്നീ സ്ഥലങ്ങളിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ്, പി.മുഹമ്മദ്കുട്ടി ഹാജി സാഹിബ്, പി. സൈതൂട്ടി സാഹിബ് എന്നിവർ സംസാരിച്ചു.

## അൻസാറുല്ലാഹ് ഇജ്തിമാ

**കരുനാഗപ്പള്ളി:** മജ്ലിസ് അൻസാറുല്ലാഹ് തിരുവനന്തപുരം മേഖലാ ഇജ്തിമാ കരുനാഗപ്പള്ളി അഹ്മദിയ്യാ മുസ്ലിം മസ്ജിദിൽ വെച്ച് മെയ് 28 ഞായറാഴ്ച നടന്നു. മാത്ര ഇബ്റാഹീം കുട്ടി സാഹിബിന്റെ തിലാവത്തുൽഖുർആനോടുകൂടി സമാരംഭം കുറിച്ച ഇജ്തിമാ യോഗത്തിൽ കരുനാഗപ്പള്ളി നാഇബ് അമീർ ശംസുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. സോണൽ അമീർ ജനാബ് അബ്ദുൽ ജലീൽ സാഹിബ് ഇജ്തിമാ ഉദ്ഘാടനം ചെയ്തുകൊണ്ട് ഡാവിഞ്ചികോഡിനെ സംബന്ധിച്ച് സംസാരിച്ചു. ആദിനാട്, കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, മാത്ര, നിലമേൽ, കരുനാഗപ്പള്ളി മജ്ലിസുകളിലെ സയീമുമാർ ആശംസകൾ നേർന്നു. അനുസരണവും ഖിലാഫത്തും എന്ന വിഷയത്തെ അധികരിച്ച് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് കബീർ കരുനാഗപ്പള്ളിയുടെ ഖുർആൻ പാരായണത്തോടെ തർബിയ്യത്ത് യോഗം ആരംഭിച്ചു. നാസിം ഇലാഖ അഹ്മദ് ശരീഫ് സാഹിബായിരുന്നു അധ്യക്ഷൻ. മാത്ര ഹനീഫാ സാഹിബ് പദ്യം ചൊല്ലി. മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് 'കാലത്തിന്റെ ഇമാമിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ചോദ്യോത്തര സദസ്സിൽ മൗലവി ഇസ്മായീൽ സാഹിബ് ചോദ്യങ്ങൾക്ക് മറുപടി നൽകി. മത്സരങ്ങളിൽ വിജയിച്ചവർക്ക് മൗലവി മുഹമ്മദ് ഫാറൂഖ് സാഹിബ് സമ്മാനദാനം നിർവ്വഹിച്ചു. ഡോ. മൻസൂർ അഹ്മദ് സാഹിബ് ആദിനാട് സ്വാഗതവും നായിബ് നാസിം ഇലാഖ ഹംസ സാഹിബ് നന്ദിയും പറഞ്ഞു. ദുആയോടെ യോഗം സമാപിച്ചു.

## ചോദ്യോത്തരവേദി

**പഴയങ്ങാടി ജൂൺ 11:** പഴയങ്ങാടി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മാടായി പഞ്ചായത്ത് ഹാളിൽ അനഹ്മദികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചോദ്യോത്തരവേദി സംഘടിപ്പിച്ചു. ഖാഇദ് റാസിഖ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ മൗലവി നാസിർ അഹ്മദ് സാഹിബ് പ്രഭാഷണം നടത്തി. തുടർന്ന് സദസ്യരുടെ ചോദ്യങ്ങൾക്ക് മൗലവി മഹ്മൂദ ഹ്മദ് സാഹിബ് മറുപടി പറഞ്ഞു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി അബ്ദുസ്സലാം സാഹിബ്, മൗലവി ശംസുദ്ദീൻ സാഹിബ്(മട്ടന്നൂർ) എന്നിവർ പങ്കെടുത്തു.

## ചോദ്യോത്തര ക്ലാസ് നടത്തി

**കൂടാളി, ജൂൺ 25:** കൂടാളി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ജൂൺ 25 ഞായറാഴ്ച അസർ നമസ്കാരത്തിന് ശേഷം കൂടാളി ബൈത്തുസ്സുബ്ഹാൻ മസ്ജിദിൽ വെച്ച് മുഴുവൻ ജമാഅത്തംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ചോദ്യോത്തരക്ലാസ്സ് സംഘടിപ്പിച്ചു. മൗലവി ശരീഫ് അഹ്മദ് സാഹിബ് ചോദ്യങ്ങൾക്ക് മറുപടി നല്കി. ജമാഅത്ത് പ്രസിഡന്റ് ജനാബ് സി.എം. ഹസ്സൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു.

## വാഹന പ്രചാരണം

**പള്ളിപ്പുറം:** പള്ളിപ്പുറം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 7 ഞായറാഴ്ച ഏകദിന വാഹനപ്രചാരണ പരിപാടി സംഘടിപ്പിച്ചു. പട്ടിത്തറയിൽ നിന്നും ആരംഭിച്ച പരിപാടി വൈകുന്നേരം 7 മണിക്ക് അലനല്ലൂരിൽ സമാപിച്ചു. മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, ഹിദായത്തുല്ലാഖാൻ സഖാഫി, പി. മുഹമ്മദ് കുട്ടി ഹാജി, പി. സൈതൂട്ടി, സി. അബ്ദുൽ ജബ്ബാർ, പി.ശാജിമോൻ എന്നിവർ വിവിധ സ്ഥലങ്ങളിൽ പ്രസംഗിച്ചു. വിവിധ ലഘുലേഖകളും വിതരണം ചെയ്യപ്പെട്ടു.

# നൗമുബായീൻ തർബിയ്യത്ത് ക്യാമ്പ്

**മഞ്ചേരി, ജൂൺ 4:** നോർത്ത് ഇലാഖ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പുതുതായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ പ്രവേശിച്ചവർക്കായുള്ള തർബിയ്യത്ത് ക്യാമ്പ് (നൗമുബായീൻ ക്യാമ്പ്) മഞ്ചേരി ജസീല ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ക്യാമ്പ് അഹ്മദിയ്യാ ജമാഅത്തിന്റെ മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. പി.പി. ഹസ്സൻകോയ സാഹിബ്, സി.കെ. അബ്ദുൽഗഫൂർ സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. തുടർന്ന് മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസ്സുകളെടുത്തു. തൻവീർ അഹ്മദ് സാഹിബ് (ഖാദിയാൻ) അധ്യക്ഷനായിരുന്നു. മുല്ലക്കോയതങ്ങൾ ഖുർആൻ പാരായണം നടത്തി. മുബാറക് അഹ്മദ് സാഹിബ് സ്വാഗതം പറഞ്ഞു.

## വനവത്കരണം നടത്തി

**കൂടാളി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ജൂൺ 9, 18 തിയ്യതികളിൽ വനവത്കരണം നടത്തി. ഡോ. വി.പി.എം. ഉമ്മർ സാഹിബ് നേതൃത്വം വഹിച്ചു. പരിപാടിയിൽ ജമാഅത്ത് കബർസ്ഥാനിലും കൂടാളി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലുമായി ഏകദേശം ഇരുന്നൂറോളം തൈകൾ നടുകയുണ്ടായി.

## ലജ്ന ഇജ്തിമ

**കടലായി:** ലജ്നാ ഇമാഇല്ലാഹ് ഇജ്തിമാ ജൂൺ 10-ന് ശനിയാഴ്ച കടലായി പള്ളിയിൽ നടന്നു. ലജ്നാ പ്രസിഡന്റ് പി. ശാക്കിറ സാഹിബയുടെ അധ്യക്ഷതയിൽ മൗലവി ശരീഫ് അഹ്മദ് സാഹിബ് ഇജ്തിമാ ഉദ്ഘാടനം ചെയ്തു. മേഖലാ ഇജ്തിമായിൽ മത്സരപരിപാടികളിൽ യോഗ്യത നേടേണ്ടവർക്കായി വിവിധ മത്സരങ്ങൾ നടത്തി.

## ഖിലാഫത്ത് യോഗം

കടലായി ജമാഅത്തിലെ ഖിലാഫത്ത് ദിനയോഗം 18.6.06-ന് പള്ളിയിൽ ചേർന്നു. ജനാബ് പി.പി. അബ്ദുൾ മജീദ് സാഹിബ് അധ്യക്ഷനായിരുന്നു. ജനാബ് ടി. ശംസുദ്ദീൻ. ജനാബ് അംനാസ്, ജനാബ് ശരീഫ് അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ജനാബ് പി.പി. സഹീർ സാഹിബ് ഖുർആൻ പാരായണവും ജനാബ് റിസ്വാൻ സാഹിബ് പദ്യപാരായണവും നടത്തി.

## ആശുപത്രി സന്ദർശിച്ചു

**മാത്തോട്ടം (കോഴിക്കോട്) മെയ് 2006:** മാത്തോട്ടം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ കോഴിക്കോട് ജനറൽ ആശുപത്രി സന്ദർശിക്കുകയും നിർധനരായ രോഗികൾക്ക് മരുന്ന് വാങ്ങാനുള്ള ധനസഹായം നൽകുകയും ചെയ്തു. തുടർന്നും ഇത്തരം സൃഷ്ടിസേവനങ്ങൾ നടത്താനുള്ള തീരുമാനത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ച് ആശുപത്രിയിലെ ഒരു വാർഡ് കേന്ദ്രീകരിച്ച് മരുന്ന് നൽകാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## തർബിയ്യത്ത് യോഗം

**മാത്തോട്ടം, മെയ് 2006:** മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 'ദാഇ ഇലല്ലാഹ്' എന്ന വിഷയത്തെ ആസ്പദമാക്കി തർബിയ്യത്ത് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു. മൗലവി സഫർ അഹ്മദ് സാഹിബ് ക്ലാസ്സെടുത്തു. ഖാഇദ് ശൗക്കത്തലി സാഹിബ് അധ്യക്ഷത വഹിച്ചു.

# മോങ്കിലെ കൂട്ടക്കൊല; ആംനസ്റ്റിക്ക് അതൃപ്തി

2005 ഒക്ടോബർ 7-ന് പാക്കിസ്ഥാനിലെ മോങ്കിൽ അഹ്മദികൾക്കെതിരെ നടന്ന കൂട്ടക്കൊലയെക്കുറിച്ചുള്ള അന്വേഷണത്തിൽ ആംനസ്റ്റി ഇന്റർ നാഷണൽ അതൃപ്തി രേഖപ്പെടുത്തി. എട്ടുപേർ കൊല്ലപ്പെടുകയും 18 പേർക്ക് ഗുരുതരമായി മുറിവേല്ക്കുകയും ചെയ്ത ഈ സംഭവം ശരിയായ രീതിയിലല്ല അന്വേഷിച്ചതെന്ന് ആംനസ്റ്റി കുറ്റപ്പെടുത്തുന്നു. അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇന്റർനാഷണൽ അതിന്റെ വാർഷികറിപ്പോർട്ടിൽ പാക്ക് അധികാരികളുടെ അലസതയെ കടുത്തഭാഷയിലാണ് വിമർശിച്ചത്.

ഒരു മോട്ടോർ സൈക്കിളിൽ വന്ന മൂന്ന് മുഖംമൂടികളാണ് അക്രമമഴിച്ചുവിട്ടതെന്ന് പോലീസ് കണ്ടെത്തിയിരുന്നു. വെള്ളിയാഴ്ച സുബ്ഹി നമസ്ക്കാരത്തിനായി പള്ളിയിലെത്തിച്ചേർന്ന അഹ്മദികൾക്കുനേരെ ക്രൂരമായ രീതിയിൽ തുരുതുരാ നിറയൊഴിച്ച അക്രമികൾ ആരെന്നുപോലും പോലീസിന് കണ്ടെത്താനായില്ല. ഇതിന് സമാനമായ മറ്റു പല സംഭവങ്ങളിലും അഹ്മദികൾക്കുനേരെ നടന്ന ആക്രമണങ്ങളിൽ കുറ്റവാളികളെ പിടികൂടാൻ പോലീസിന് സാധിച്ചിട്ടില്ല. അക്രമികളെ പിടികൂടി നിയമത്തിന് മുമ്പാകെ കൊണ്ടുവരാത്തത്, ന്യൂനപക്ഷങ്ങളോടുള്ള മനുഷ്യാവകാശ ധ്വംസനമാണെന്ന് ആംനസ്റ്റി പറയുന്നു. അന്താരാഷ്ട്ര മൂല്യങ്ങളും പാക്ക് ഭരണഘടനതന്നെയും വിഭാവനം ചെയ്യുന്ന മതപരമായ സ്വാതന്ത്ര്യം ന്യൂനപക്ഷങ്ങൾക്ക് നിഷേധിക്കപ്പെടുന്നത് കടുത്ത അനീതിയാണെന്ന് ആംനസ്റ്റി അതിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

പൊതുവെ പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരെ നടക്കുന്ന അക്രമങ്ങളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ലായെന്ന് ആംനസ്റ്റി കരുതുന്നു. കൂടാതെ ചില കേസുകളിൽ ആക്രമണത്തിനിരയായ അഹ്മദികൾക്കെതിരെതന്നെ കേസുകൾ വ്യാജമായി കെട്ടിച്ചമച്ചിട്ടുമുണ്ട്. 2000 ഒക്ടോബറിൽ സിയാൽകോട്ട് ജില്ലയിലെ ഗാട്ടിയാലിയൻ എന്ന സ്ഥലത്ത് 8 അഹ്മദികൾ വധിക്കപ്പെട്ടിരുന്നു. ഈ സംഭവത്തിന് ദൃക്സാക്ഷികളായ 5 അഹ്മദികൾ പോലീസിന് മുമ്പാകെ സാക്ഷിമൊഴി നല്കുകയുണ്ടായി. എന്നാൽ ഈ അഞ്ചുപേരേയും 21 ഓളം ഇതരഅഹ്മദികളേയും പ്രതികളാക്കിക്കൊണ്ട് കേസ് ചാർജ്ജ് ചെയ്യപ്പെട്ടു. ഇക്കൂട്ടത്തിൽ ചിലരിപ്പോഴും ജയിൽശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലും യഥാർത്ഥ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. അഹ്മദികൾക്കെതിരെ പാക്ക്ഭരണകൂടം ഉപയോഗപ്പെടുത്തുന്ന 'മതനിന്ദാ' നിയമത്തിലെ പരാമർശവും പാക്ക് പീനൽകോഡിൽ 295 സി വകുപ്പും എടുത്തുകളയണമെന്ന് ആംനസ്റ്റി ഇന്റർനാഷണൽ ഏറെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്.

# നബികീർത്തനയോഗം

**മോൺറോവിയ:** ലൈബീരിയായിലെ അഹ്മദിയ്യാ മുസ്‌ലിം മിഷൻ സംഘടിപ്പിച്ച നബികീർത്തന യോഗം ജൂൺ 10-ന് സമാപിച്ചു. മോൺറോവിയായിലെ ബൈത്തുൽ മുജിബ് പള്ളിയങ്കണത്തിലാണ് സമ്മേളനം നടന്നത്. ചടങ്ങിൽ ലൈബിരിയായിലെ അഹ്മദിയ്യാ അമീറും, മിഷണറി ഇൻചാർജ്ജുമായ ജ: മുഹമ്മദ് അക്രം ബാജ്‌വ പ്രധാന പ്രഭാഷണം നടത്തി. ലൈബീരിയായിലെ സെൻട്രൽ മിഷണറി, മിഷൻ സെക്രട്ടറി തുടങ്ങിയവരും സംസാരിച്ചു. പ്രാസംഗികർ ശരിയായ ഇസ്‌ലാം എന്താണെന്നും സമാധാനത്തിലധിഷ്ഠിതമായ അതിന്റെ അദ്ധ്യാപനങ്ങളെപ്പറ്റിയും വിശദീകരിച്ചു. ജിഹാദ് എന്നത് ആയുധം കൊണ്ടല്ല നടത്തേണ്ടതെന്നും നാവും, പേനയുമാണതിന്റെ ഉപാധികളെന്നും ഇവർ കൂട്ടിച്ചേർത്തു. ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തത് ലോഫ കൗണ്ടി സെനറ്റർ ഫോംബ കാനേഫ് ആയിരുന്നു. മുഹമ്മദ് നബി(സ)യുടെ ശരിയായ ഗുണം സത്യസന്ധതയാണെന്നും ഈ ഗുണം അഹ്മദികളുടെ മുഖമുദ്രയാണെന്നും ഇദ്ദേഹം പ്രസംഗമദ്ധ്യേ തറപ്പിച്ചുപറഞ്ഞു. ഈ സമ്മേളനത്തിൽ ക്രിസ്ത്യൻ, മുസ്‌ലിം, ഹിന്ദു, സിഖ് വിഭാഗങ്ങളിലെ വ്യത്യസ്ത സംഘടനാ പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

*(1-ാം പേജിൽ നിന്ന്)*

ളുടെ ഈ പരിപൂർണ്ണമായ അനുസരണത്തിലും അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടും അവനോടു സഹായം ചോദിച്ചുകൊണ്ടും കാലത്തിന്റെ ഖലീഫ എടുക്കുന്ന തീരുമാനങ്ങളിലും, തന്റെ ജമാഅത്തിന്റെ ഈമാൻ പ്രബലപ്പെടുത്തുന്നതിനും താൻ സൃഷ്ടിച്ച ഖലീഫ ലോകത്തിന്റെ മുമ്പിൽ അപമാനിതനാകുന്നതിൽനിന്ന് രക്ഷപ്പെടുന്നതിനുമായി അദ്ദേഹം വിധിച്ച വിധിയിൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നതാണ്. ബലഹീനതകൾ മറച്ചുവയ്ക്കുന്നതാണ്. തന്റെ അനുഗ്രഹത്താൽ നല്ല ഫലമുളവാക്കുന്നതാണ്. ജമാഅത്തെന്നനിലയിൽ, അല്ലാഹു തന്റെ അനുഗ്രഹത്താൽ ജമാഅത്തിനെ എപ്പോഴും വലിയ നഷ്ടങ്ങളിൽനിന്ന് രക്ഷിക്കുന്നു. ജമാഅത്തിനോടും, അഹ്മദിയ്യാ ഖിലാഫത്തിനോടും ഇന്നുവരെ അല്ലാഹു ഇങ്ങനെ പെരുമാറിയിട്ടുള്ളതായി നാം കണ്ടു. കണ്ടുവരികയും ചെയ്യുന്നു. ഞാനോതിയ വചനത്തിൽ അല്ലാഹു വിശ്വസിച്ചവരോട് വ്യക്തമായ നിലയിൽ അവനേയും റസൂലിനേയും അനുസരിക്കുക എന്നു പറഞ്ഞിരിക്കുന്നു. ***യാ അയ്യുഹല്ലദീന ആമനൂ അതീഉല്ലാഹ വഅതീഉർറസൂല വ ഉലിൽഅംരി മിൻകും***. നിങ്ങളുടെ അധികാരസ്ഥരേയും അനുസരിക്കുക. നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ അധികാരസ്ഥരുമായി ഭിന്നിക്കുകയാണെങ്കിൽ അത്തരം കാര്യം അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മടക്കുക; നിങ്ങൾ യഥാർത്ഥത്തിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ. അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ലഗുണപര്യവസായിയും.

അതായത്, നിങ്ങളുടെ ജോലി അനുസരിക്കുക എന്നതാണ്. അല്ലാഹുവിന്റെ കല്പനകളെ പൂർണ്ണമായും പിൻപറ്റുക. ആദ്യം നിങ്ങൾ നിങ്ങളെതന്നെ നോക്കുക; നിങ്ങൾ അല്ലാഹുവിന്റെ കല്പനകളെ പിൻപറ്റുന്നുണ്ടോ എന്ന്. അല്ലാഹു ഇറക്കിയിട്ടുള്ള ശരീഅത്തിന്റെ കല്പനകളെക്കുറിച്ച് ആദ്യം അറിവു നേടുക. അത് നിങ്ങൾക്ക് ലഭിച്ചുകഴിഞ്ഞോ? പൂർണ്ണമായനിലയിൽ ലഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ കല്പനകളെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കുക. ഒരാൾ സ്വയം ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ, അതിനോടൊപ്പം നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ചും പ്രവർത്തിക്കുമ്പോൾ, അവന് താൻ വിശ്വാസികളിൽപെട്ടവനാണെന്ന് പറയാൻ അർഹത ഉണ്ടാകും. എന്നാൽ, കാര്യം അവിടെ അവസാനിക്കുന്നില്ല. വേറേയും ചിലത് തുടർന്ന് നമ്മോടു പറയുന്നുണ്ട്. ചിലയാളുകൾ മനസ്സിലാക്കുന്നത് തങ്ങൾ പ്രവർത്തനപരമായും അറിവുപരമായും ശരീഅത്ത് നിയമങ്ങൾ കൂടുതൽ അനുസരിക്കുന്നവരാണെന്നാണ്. പക്ഷേ, അദൃശ്യകാര്യങ്ങളും വർത്തമാനകാലത്ത് നടക്കുന്ന കാര്യങ്ങളും വരാൻപോകുന്ന കാര്യങ്ങളും അറിയുന്നവനായ അല്ലാഹുവിന്, അവനേയും അവന്റെ റസൂലിനേയും മാത്രം അനുസരിക്കാൻ പറഞ്ഞിരുന്നെങ്കിൽ റസൂലിന്റെ സുന്നത്തനുസരിച്ച് നടക്കുന്ന പേരുള്ള പല ആലിംകളും ജന്മംകൊള്ളുമെങ്കിലും ജമാഅത്തിന്റെ അനുഗ്രഹം നിലനില്ക്കുകയില്ലെന്ന് അറിയാമായിരുന്നു. ഓരോരുത്തരും തങ്ങളുടേതായ പള്ളികൾ നിർമ്മിക്കുകയും തങ്ങളുടെ പരിമിതമായ അറിവിനെ, എല്ലാമാണെന്ന് കരുതുകയും ചെയ്യുമായിരുന്നു. ഇന്ന് മുസ്‌ലിംകളിൽ ഇതുതന്നെയാണ് നാം കാണുന്നത്. പക്ഷേ, അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതനുസരിച്ച് നടക്കുന്നുവെന്നുള്ള അവരുടെ സങ്കല്പത്തേയും വാഗ്ദത്ത മസീഹ് വന്നതിനുശേഷം അദ്ദേഹത്തെ വിശ്വസിക്കേണ്ടത് നിർബന്ധമാണെന്ന് തന്റെ റസൂലിനെക്കൊണ്ട് പറയിച്ചിട്ട് അല്ലാഹു അവസാനിപ്പിച്ചിരിക്കുകയാണ്. അതിനുശേഷം ***ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത്*** നിലവിൽ വരേണ്ടതുണ്ട്. അതിനേയും അനുസരിക്കേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ, അല്ലാഹുവിനേയും റസൂലിനേയും പിൻപറ്റിയെന്നുള്ള വാദം പൊള്ളയായിരിക്കും. പിന്നീട് അല്ലാഹു ജമാഅത്തിൽ ഐക്യം ഉണ്ടാക്കുന്നതിനും ഈ നിസാമിന്റെ സംരക്ഷണത്തിനുമായി, അധികാരസ്ഥരേയും അനുസരിക്കുക എന്നും പറഞ്ഞു. അതായത് മസീഹ് മൗഊദിനെ വിശ്വസിച്ചതിനുശേഷം ഖിലാഫത്തിലൂടെ സ്ഥാപിതമായ വ്യവസ്ഥിതിയേയും അനുസരിക്കുക.

എന്നാൽ, ചിലപ്പോൾ ലൗകികജീവിതം കാരണത്താൽ തങ്ങളുടെ പദവിയും അഹംഭാവവും കൊണ്ട് ചിലയാളുകളുടെ കണ്ണുകളിൽ മറ വീണുപോകാറുണ്ട്. അനുസരണത്തിൽ എത്ര മാത്രം അനുഗ്രഹമുണ്ടെന്നതിനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും അറിവുണ്ടായിട്ടും ജമാഅത്തിന്റെ നിസാമിനെ ബാധിക്കുകയില്ലെങ്കിൽത്തന്നെയും ബലഹീന വിശ്വാസികൾക്കും പുതിയതായി വരുന്നവർക്കും ചതി പറ്റാൻ കാരണമാകുന്ന കാര്യങ്ങൾ അത്തരക്കാർ പറഞ്ഞുകളയുന്നു. ഉദാഹരണത്തിന്, ആരെയെങ്കിലും കുറിച്ച് അന്വേഷിക്കാൻ ഏതെങ്കിലും കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് കാര്യങ്ങൾ അന്വേഷിക്കാനോ ചിലയാളുകളുടെ ചില കാര്യങ്ങളെക്കുറിച്ച് റിപ്പോർട്ട് തരാനോ അല്ലെങ്കിൽ ഖലീഫ ആഹ്വാനം ചെയ്യുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് വിലയിരുത്തി റിപ്പോർട്ട് നല്കാനോ പറഞ്ഞാൽ അന്വേഷിച്ചതിനും പരിശോധിച്ചതിനുംശേഷം അവർ അയക്കുന്ന റിപ്പോർട്ടനുസരിച്ച് കാലത്തിന്റെ ഖലീഫ തീരുമാനമെടുക്കുന്നില്ലെങ്കിൽ- മറ്റൊന്നും പറയാനില്ലാത്തതുകൊണ്ട്- ഞങ്ങളിങ്ങനെയാണ് എഴുതിയത്, നാഷണൽ അമീറോ കേന്ദ്ര മജ്ലിസെ ആമിലായോ റിപ്പോർട്ട് മാറ്റി അയച്ചോ എന്നറിയില്ല, അതോ ഖലീഫ തിരിച്ചു വിധി പറഞ്ഞതാണോ എന്നും അറിയില്ല എന്നൊക്കെ പറഞ്ഞുകൊണ്ട് ജമാഅത്തിലോ അല്ലെങ്കിൽ കുറഞ്ഞപക്ഷം അയാളുമായി ബന്ധപ്പെട്ട വിഭാഗത്തിലോ അസ്വസ്ഥത ഉണ്ടാക്കുന്നു.

ഇത്തരം കാര്യങ്ങൾ ജമാഅത്തിൽ കുഴപ്പങ്ങൾക്കു കാരണമായേക്കാം. ഒന്നാമതായി, അത്തരക്കാർ അത്തരം കാര്യങ്ങൾ പറയുന്നതിൽനിന്ന് പിന്മാറേണ്ടതാണ്. ഏതെങ്കിലും മേഖലയിൽ നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം നല്കിയിട്ടുണ്ടെങ്കിൽ, അത് ദൈവാനുഗ്രഹമായി മനസ്സിലാക്കുക. നിശ്ചിത പരിധികൾക്കുള്ളിൽ ഇരിക്കുക. നിങ്ങളുടെ പരിധിയെ ലംഘിക്കരുത്. ചിലയാളുകൾ വിഡ്ഢിത്തവും വിവരക്കുറവും കൊണ്ടാണെങ്കിൽ ചിലർ തങ്ങളുടെ തൻപ്രമാണിത്തം കൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. വിവിധ രാജ്യങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഒന്നും ഒറ്റയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പറഞ്ഞുകൊടുക്കുമ്പോൾ അവർ കാര്യങ്ങൾ മനസ്സിലാക്കുകയും മാപ്പ് ചോദിക്കുകയും ചെയ്യുന്നു.

ചിലയാളുകൾ തങ്ങളുടെ അഭിപ്രായവും ബുദ്ധിയുമാണ് ഏറ്റവും ഉന്നതമെന്ന് മനസ്സിലാക്കാറുണ്ട്. അത്തരം സംസാരങ്ങളിൽ നിന്നും അവരും പുറത്തുവരേണ്ടതാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ വിവേകപൂർവ്വം ചിന്തിക്കുന്നവരും ഒരുപാടുണ്ട്. ജ്ഞാനമുള്ളവരും നിരവധിയുണ്ട്. തഖ്‌വയിൽ പദമൂന്നുന്നവരും അധികമായുണ്ട്. അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളവരുമുണ്ട്. അതുകൊണ്ട് സേവനം ചെയ്യുന്ന ഓരോരുത്തരും ഏതു നിലയിൽ സേവനം ചെയ്യാൻ അവസരം കിട്ടിയാലും ഞാനാദ്യം പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹമാണ് അതെന്ന് മനസ്സിലാക്കിക്കൊണ്ട്, പൂർണ്ണമായ അനുസരണത്തോടുകൂടി ഈ സേവനത്തിന്റെ അനുഗ്രഹത്തിൽനിന്നും ഫലം നേടേണ്ടതാണ്.

ഓരോ അഹ്മദിയും ചിന്തിക്കേണ്ടതാണ്. കല്പന പൊതുവെ എല്ലാവർക്കുമായിട്ടാണ്. അതുകൊണ്ട് ജമാഅത്തിന്റെ ഭാരവാഹികളെ അനുസരിക്കേണ്ടതാണ്. കാരണം അത് കാലത്തിന്റെ ഖലീഫ സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥിതിയാണ്. പക്ഷേ, ഭാരവാഹികളും ചിന്തിക്കേണ്ടതാണ്- അവർക്ക് അനുസരണത്തിന്റെ നില വർദ്ധിപ്പിക്കണമെങ്കിൽ അനുസരണത്തിന്റെ ഉന്നതമായ നില സ്വയം നാട്ടുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ)ഉം പറഞ്ഞതുപോലെ സ്വന്തം നഫ്സിന്റെ അഹംഭാവത്തെ അടക്കാൻ വലിയ പ്രയാസമാണ്. അല്ലാഹുവിന്റെ തൃപ്തി

*(ശേഷം 4-ാം പേജിൽ*



*ജർമ്മൻ സന്ദർശനവേളയിൽ കായികമത്സരങ്ങൾ വീക്ഷിക്കുന്ന ഹുസൂർ*

# അൽഹഖ്
AHMADIYYA NEWS BULLETTIN

ജൂൺ 2006 റജബ്


## അബ്ദുർ റഹീം സാഹിബ് ഒരതുല്യപ്രതിഭ

കേരളത്തിലെ അറിയപ്പെടുന്ന പത്രപ്രവർത്തകനും പ്രഭാഷകനും എഴുത്തുകാരനുമായ ഒരു വലിയ മനുഷ്യനെയാണ് 2006 ജൂൺ 24-ന് നമുക്ക് നഷ്ടമായിരിക്കുന്നത്. കേരള അഹ്മദിയ്യാ സാഹിത്യത്തിലെ കുലപതിയാണ് ജ:എൻ.അബ്ദുർറഹീം സാഹിബ്. വിവർത്തനങ്ങളും സ്വന്തം രചനയുമായി അറുപതോളം ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹം കേരള അഹ്മദിയ്യാ ചരിത്രത്തിന്റെതന്നെ ഒരു അവിഭാജ്യഘടകമാണ്. 1942-ൽ മെട്രിക് പാസായ അബ്ദുർറഹീം സാഹിബ് 17-ാം വയസ്സിൽ തന്നെ മതസാഹിത്യരംഗത്ത് കാലെടുത്ത്വെക്കുകയുണ്ടായി. മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്. എ, വി. അബ്ദുൽഖയ്യൂംസാഹിബ്, എൻ. ഹാമിദ് സാഹിബ് എന്നീ പ്രമുഖ വ്യക്തികളുടെ ശിക്ഷണത്തിൽ വളർന്നുവന്ന റഹീം സാഹിബ് മതരംഗത്ത് കേരളം കണ്ട മഹാധിഷണാശാലികളിലൊരാളായി മാറുകയായിരുന്നു. സത്യദൂതൻ മാസികയുടെ സഹപത്രാധിപരായി ദീനീസേവനം ആരംഭിച്ചതിനുശേഷം പഠനാർത്ഥം ഖാദിയാനിൽ പോയി. പക്ഷേ, മൂന്ന് മാസത്തിനുശേഷം മൗലാനാ അബ്ദുല്ലാഹ് സാഹിബ് കണ്ണൂരിലേക്ക്തന്നെ തിരിച്ചുവിളിക്കുകയായിരുന്നു. പിന്നീട് തലശ്ശേരിയിൽ ഡെപ്യൂട്ടിതഹസിൽദാറായി ജോലി ലഭിച്ചെങ്കിലും മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ നിർദ്ദേശാനുസരണം അത് നിരസിക്കുകയാണുണ്ടായത്. ഒരുപക്ഷേ പ്രസ്തുത ജോലി സ്വീകരിച്ചിരുന്നുവെങ്കിൽ ഒരു സമുന്നത പദവിയിൽ വിരമിക്കാമായിരുന്നു. പക്ഷേ, അദ്ദേഹം ആത്മീയമാർഗ്ഗത്തിന് മുൻതൂക്കം നൽകിയപ്പോൾ കേരളക്കരയ്ക്ക് ലഭിച്ചത് ഒരു മഹാസാഹിത്യകാരനെയായിരുന്നു. ഭൗതികമായി ഒന്നും നേടാനായില്ലെങ്കിലും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പലതും ചെയ്യാനായി എന്ന ചാരിതാർത്ഥ്യം അദ്ദേഹത്തിന്റെ അവസാന ദിവസങ്ങളിലെ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്നു. വാഗ്ദത്ത മസീഹിന്റെ മുഴുവൻ ഗ്രന്ഥങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക എന്ന അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായില്ല.

മാലയാളഭാഷയിൽ മാത്രമല്ല, ഇംഗ്ലീഷ്, ഉർദു ഭാഷകളിലും അഗാധപാണ്ഡിത്യം അദ്ദേഹം നേടിയെടുത്തു. വാഗ്ദത്ത മസീഹിന്റെ തൂലികയിൽ നിന്നും നിർഗ്ഗളിച്ച അറിവിന്റെ ലോകത്ത് വിഹരിക്കണമെന്ന അതിയായ ആഗ്രഹമാണ് ഉർദുപഠനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇംഗ്ലീഷ്, ഉർദു പ്രഭാഷണങ്ങൾ പരിഭാഷപ്പെടുത്തുന്നതിനുള്ള കഴിവ് അഹ്മദിയ്യാ സ്റ്റേജുകളിൽ മാത്രമല്ല അദ്ദേഹം തെളിയിച്ചത്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ നേതാക്കളുടെ പ്രസംഗങ്ങൾ വിവർത്തനം ചെയ്യാനും അദ്ദേഹത്തെ ഉപയോഗിച്ചിട്ടുണ്ട്. ഒരു കാലത്ത് അഹ്മദിയ്യാ ജമാഅത്ത് അബ്ദുർറഹീം സാഹിബിന്റെ പ്രഭാഷണങ്ങൾക്ക് കാതോർത്തിരിക്കുമായിരുന്നു. അഹ്മദിയ്യത്തിനെതിരെ ലേഖനങ്ങളും മറ്റും പ്രത്യക്ഷപ്പെട്ടാൽ നാം ആദ്യം ഓർത്തിരുന്നത് അബ്ദുർറഹീം സാഹിബിനെയാണ്. അദ്ദേഹത്തിന്റെ തീവ്രതയുള്ള മറുപടികൾ ശത്രുക്കളെ അമ്പരപ്പിക്കുകയും നമ്മെ ആഹ്ലാദചിത്തരാക്കുകയും ചെയ്തിട്ടുണ്ട്. ഈ ബഹുമുഖപ്രതിഭ ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹം ചെയ്തുകൂട്ടിയ സേവനങ്ങൾ നമ്മുടെ മനസ്സിലുണ്ട്. ഇതുപോലൊരു പ്രതിഭയെ ലഭിക്കാൻ നമുക്ക് ഇനിയുമെത്രനാൾ കാത്തിരിക്കേണ്ടിവരും? അബ്ദുർറഹീം സാഹിബിന്റെ വിയോഗത്തിലൂടെയുണ്ടായ വിടവ് അല്ലാഹുതന്നെ നികത്തിത്തരട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെയെന്ന് നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം.

## ഇന്റർനാഷണൽ റിലീജിയൻസ് ഫ്രീഡം റിപ്പോർട്ട്

അമേരിക്കൻ വിദേശകാര്യ വകുപ്പിന് കീഴിലുള്ള ജനാധിപത്യത്തിനും, മനുഷ്യാവകാശത്തിനും, തൊഴിലിനും വേണ്ടിയുള്ള വിഭാഗം (Bureau of Democracy, Human Rights & Labour) അതിന്റെ റിപ്പോർട്ടിൽ ബംഗ്ലാദേശിലെ അഹ്മദിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

ബംഗ്ലാദേശിൽ ഇസ്ലാമിനെ ഔദ്യോഗികമതമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഓരോ വ്യക്തിക്കും അവരവരുടെ വിശ്വാസപ്രമാണങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള സ്വാതന്ത്ര്യവും അനുവദിച്ചിട്ടുണ്ട്. ബംഗ്ലാ ഗവർമ്മെന്റ് പരസ്പര വിരുദ്ധമാകുന്നതുകൊണ്ട് ഈ ഭരണഘടനാനുസൃതമായ സ്വാതന്ത്ര്യം ബംഗ്ലാദേശിൽ നിലനിൽക്കുന്നില്ല. അടുത്ത കാലത്തായി അഹ്മദിയ്യാ സമൂഹത്തിനുനേരെ നടക്കുന്ന ആക്രമണങ്ങൾ ബംഗ്ലാ രാഷ്ട്രീയത്തിലെ വർദ്ധിച്ചുവരുന്ന തീവ്രവാദ നിലപാടുകളുടെ സൂചനയാണ്. ബംഗ്ലാദേശിൽ മതം ഒരു രാഷ്ട്രീയ ആയുധമായി ചുരുങ്ങിപ്പോയിരിക്കുന്നു. കൂടാതെ തങ്ങളുടെ സഖ്യകക്ഷികൾക്കും, ഭൂരിപക്ഷം മുസ്ലിംകൾക്കുമെതിരെ നീങ്ങാനുള്ള കഴിവില്ലായ്മ ബംഗ്ലാദേശ് ഗവർമ്മന്റിനെ നിർജ്ജീവമാക്കുന്നു.

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരവരുടെ വിശ്വാസപ്രമാണങ്ങൾ തുടർന്നുപോകാനുള്ള സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യപ്പെടുന്നുണ്ടെങ്കിലും അക്രമ സംഭവങ്ങൾ വർദ്ധിക്കുകയാണ്. പോലീസ് ഈ കുറ്റവാളികളെ കണ്ടെത്തുന്ന കാര്യത്തിൽ തീർത്തും പരാജയപ്പെട്ടിരിക്കുകയാണ്. മിക്ക കേസുകളിലും കുറ്റവാളികൾ രക്ഷപ്പെടാറാണ് പതിവ്. ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾക്ക് പിറകിൽ മതം മാത്രമല്ല രാഷ്ട്രീയ-സാമ്പത്തിക കാരണങ്ങളുമുണ്ടെന്നാണ് സർക്കാർ ഭാഷ്യം.

പണ്ടേതന്നെ ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, ബുദ്ധമതാനുയായികൾ എന്നിവരൊക്കെയും വിവേചനം അനുഭവിക്കുന്നവരാണ്. അടുത്ത കാലത്തായി ഈ സാമൂഹിക തരംതിരിവ് അഹ്മദി വിഭാഗക്കാർക്കെതിരായി തിരിഞ്ഞിരിക്കുന്നു. ബംഗ്ലാദേശ് നാഷണൽപാർട്ടി നയിക്കുന്ന ഭരണമുന്നണിയിലെ രണ്ട് കക്ഷികൾ തീവ്ര ഇസ്ലാമിക നിലപാടുള്ള ജമാഅത്തെ ഇസ്ലാമിയും, ഇസ്ലാമി ഒകിയജോഡുമാണ്. പ്രധാന പ്രതിപക്ഷകക്ഷിയായ അവാമി ലീഗിനാണ് ഹിന്ദുമതത്തിൽപ്പെട്ട ന്യൂനപക്ഷ വിഭാഗക്കാർ വോട്ടു ചെയ്യുന്നത്. ഭരണഘടനയനുസരിച്ച് മത ന്യൂനപക്ഷങ്ങൾക്കായി ബംഗ്ലാ പാർലമെന്റിൽ 7 സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. എങ്കിലും ന്യൂനപക്ഷങ്ങൾക്കെതിരായ അക്രമങ്ങൾ വർദ്ധിക്കുകയാണ്.

മനുഷ്യാവകാശ സംരക്ഷണ നിലപാടുകളുടെ ഭാഗമായി അമേരിക്കൻ ഗവർമ്മെന്റ്, ബംഗ്ലാദേശ് സർക്കാരുമായി മതസ്വാതന്ത്ര്യത്തെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്. 2005 ഏപ്രിലിൽ നടന്ന രൂക്ഷമായ അഹ്മദി വിരുദ്ധ കലാപത്തിന് ശേഷം ധാക്കയിലെ അഹ്മദിയ്യാ ആസ്ഥാനം ബംഗ്ലാദേശിലെ അമേരിക്കൻ സ്ഥാനപതി സന്ദർശിക്കുകയും തങ്ങളുടെ പിന്തുണ അറിയിക്കുകയും ചെയ്തിരുന്നു. 2005 അവസാനം തെക്കേ ഏഷ്യക്കു വേണ്ടിയുള്ള അസിസ്റ്റന്റ് സെക്രട്ടറിയും, ഡപ്യൂട്ടി അസിസ്റ്റന്റ് സെക്രട്ടറിയും തങ്ങളുടെ മേഖലയിലെ സന്ദർശനവേളയിൽ ധാക്കയിലെത്തി അഹ്മദികളെ സമാശ്വസിപ്പിച്ചിരുന്നു. ഇതിനുപുറമേ രാഷ്ട്രീയകാര്യങ്ങൾക്കായുള്ള യു.എസ്. അണ്ടർസെക്രട്ടറി ബംഗ്ലാദേശിലെ അഹ്മദികളെ സംരക്ഷിക്കാൻ ബംഗ്ലാ ഗവർമ്മെന്റിനോട് ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. (അവലംബം, BDHL Report 2005)

## തർബിയത്ത്

**കണ്ണൂർ ടൗൺ:** ജൂൺ 11 ന് ഞായറാഴ്ച 'നമസ്കാരം', 'ദുആ' എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഖുദ്ദാമുൽ അഹ്മദിയ്യാ കണ്ണൂർ ടൗൺ മജ്ലിസ് തർബിയത്ത് ക്ലാസ് സംഘടിപ്പിച്ചു. ജനാബ് കെ. അബ്ദുൾ അസീസ് സാഹിബ് പ്രഭാഷണം നടത്തി. ചടങ്ങിൽ നായിബ് ഖാഇദ് ഡോക്ടർ ആശിഫ്, ജനറൽ സെക്രട്ടറി നിഷാദ് അസീസ് എന്നിവർ സംബന്ധിച്ചു.

## വഖാറെ അമലിലൂടെ റോഡ് ഗതാഗതയോഗ്യമാക്കി

**മുറിയക്കണ്ണി:** മുറിയക്കണ്ണി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ മാതൃകാപരമായ വഖാറെ അമലിലൂടെ എടത്തനാട്ടുകരയിൽ നിന്നും തിരുവിഴാംകുന്ന് വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കി. മഴക്കാലമാരംഭിച്ചതോടെ പ്രസ്തുത റോഡ് തകർന്ന് ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരുന്നു. മെയ് 14, 21 തിയ്യതികളിലായാണ് ഈ പ്രവർത്തനം നടത്തപ്പെട്ടത്. ഖാദിമീങ്ങളോടൊപ്പം അൻസാർ, അത്ഫാൽ പ്രവർത്തകരും പങ്കെടുത്തു.

*3-ാം പേജിൽനിന്ന്*

കരസ്ഥമാക്കണമെങ്കിൽ, ഏകദൈവത്തെ വിശ്വസിക്കുന്നവരാണെന്ന് വെറും പറഞ്ഞതു കൊണ്ട് അത് ലഭിക്കുകയില്ല. കാലത്തിന്റെ ഇമാമിനേയും അദ്ദേഹത്തിന്റെ ഖലീഫയേയും അദ്ദേഹത്തിന്റെ നിസാമിന്റേയും മുമ്പിൽ, അഹംഭാവത്തിന്റെ ലവലേശം കലർപ്പ് കാണാത്തവിധം കുനിയേണ്ടിവരും. ഇല്ലെങ്കിൽ ഈ അഹംഭാവത്തിന്റെ ബിംബം, ആ നിസാമിന്നെതിരിൽ മാത്രമായിരിക്കുകയില്ല എഴുന്നേറ്റുനില്ക്കുക, ഖലീഫയ്ക്കെതിരിലും എഴുന്നേറ്റുനില്ക്കും. പിന്നീട് നബി (സ) തിരുമേനിയ്ക്കെതിരിലും എഴുന്നേറ്റുനില്ക്കും. അവിടെനിന്നും അകന്ന് പിന്നീട് അല്ലാഹുവിന്നെതിരിലും എഴുന്നേറ്റുനില്ക്കും. അങ്ങനെ താൻ ഏറ്റവും വലിയ തൗഹീദുവാദിയാണെന്നും അല്ലാഹുവിനെ ആരാധിക്കുന്നവനാണെന്നും പറയുന്ന വ്യക്തി ശിർക്കു ചെയ്യുന്നവരിൽപ്പെട്ടുപോകുന്നു. ഈ ശിർക്കിൽനിന്നും എല്ലാ അഹ്മദികളും തങ്ങളെ സുരക്ഷിതരാക്കിവയ്ക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട്, സ്വന്തം ഇന്ദ്രിയാശകളും അഹങ്കാരവും ഇല്ലാതാക്കാൻ ശ്രമിക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിൽ സ്ഥാപിക്കാനാഗ്രഹിക്കുന്ന ആ മാതൃക നിലനാട്ടുക.

*(9.6.2006 ലെ ഖുത്വുബയിൽ നിന്ന്)*

## സിമി നിരോധം തുടരണമെന്ന് കേരള സർക്കാർ

സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി)യെ നിരോധിച്ച കേന്ദ്ര സർക്കാർ നടപടി ഇനിയും തുടരണമെന്ന് ഇതേക്കുറിച്ച് അന്വേഷിക്കുന്ന ട്രൈബ്യൂണലിന് മുമ്പാകെ കേരള സർക്കാർ സത്യവാങ്മൂലം നൽകി. ഇന്ത്യയിലാകമാനം വിധ്വംസക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയായിരുന്ന സിമിയെ നിരോധിച്ചത് നിയമപരമായി ന്യായീകരിക്കാവുന്നതും അത് തുടരണമെന്നും അഭിപ്രായപ്പെടുന്ന സത്യവാങ്മൂലം സംസ്ഥാന സർക്കാരിന്റെ പോലിസ് ഇന്റലിജൻസ് ആണ് ബി.എൻ. ചതുർ വേദി നേതൃത്വം നൽകുന്ന ട്രൈബ്യൂണലിന് നൽകിയത്.

കേരളത്തിൽ നിരോധിക്കപ്പെട്ട സിമി പ്രവർത്തകർ എൻ.ഡി.എഫ്, ഇസ്ലാമിക് യൂത്ത് സെന്റർ, മുസ്ലിം യൂത്ത് കൾച്ചറൽ ഫോറം, ഇസ്ലാമിക് സോളിഡാരിറ്റി തുടങ്ങിയ സംഘടനകളിൽ ചേക്കേറിയിട്ടുണ്ടത്രെ. ദേശവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഇവർക്ക് വിവിധ ഇസ്ലാമിക രാജ്യങ്ങളിൽനിന്നും പണം ലഭിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സാമുദായിക സൗഹാർദ്ദവും സംസ്ഥാനത്തിന്റെ സുരക്ഷയും തകർക്കുംവിധം നിരോധിത സിമി പ്രവർത്തകർ ഇപ്പോഴും കൂട്ടം ചേരുന്നതായി ഇന്റലിജന്റ്സ് കണ്ടെത്തിയതായി സത്യവാങ്മൂലത്തിൽ വിശദീകരിക്കുന്നു.

ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ എന്ന കുപ്രസിദ്ധ മുദ്രാവാക്യമുയർത്തി രാജ്യമാകമാനം വിഷലിപ്തമായ വർഗ്ഗീയ വികാരം ഇളക്കിവിട്ട് ഇസ്ലാമിക അദ്ധ്യാപനങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തിയ സിമിയെക്കുറിച്ചും അവരുടെ നേതൃത്വത്തിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും പത്ത് പേജുള്ള റിപ്പോർട്ടാണ് ഇന്റലിജന്റ്സ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്.

## ശിലാസ്ഥാപനം നടത്തി

**കൂടാളി:** കൂടാളി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പുതുതായി രൂപം നൽകിയ ബിൽഡിംഗ് കോംപ്ലക്സിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിന്റെ ഭാഗമായി മിഷണറി ക്വാർട്ടേസും മദ്രസയും ഉൾപ്പെടുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം ജൂൺ 18-ാം തിയ്യതി രാവിലെ 11 മണിക്ക് കേരള ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ നിർവ്വഹിച്ചു. തുടർന്ന് ജമാഅത്ത് പ്രസിഡന്റ്, സയീം അൻസാറുല്ലാഹ്, ഖായിദ് ഖുദ്ദാമുൽ അഹ്മദിയ്യ, മുഅ്ലിം അബ്ദുൽ സലാം സാഹിബ് തുടങ്ങിയവർ തറക്കല്ലിടൽ കർമ്മത്തിൽ ഭാഗഭാക്കായി. ജമാഅത്തിലെ എല്ലാ അൻസാർ സഹോദരങ്ങളും ഖാദിംകളും ഈ ചടങ്ങിൽ പങ്കെടുത്തു. പ്രാർത്ഥനയ്ക്കുശേഷം പള്ളിയിൽ ചായസൽക്കാരവും നടന്നു.



# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ഹസ്റത്ത് മൗലാനാ ശേർ അലി സാഹിബ്(റ)



**മൗ**ലവി നിസാമുദ്ദീൻ സാഹിബിന്റെ മകനായി 1875 നവംബർ 24-ന് സർഗോധയിൽ ജനിച്ചു. ഭേരയിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ലാഹോറിലെ എഫ്.സി. കോളേജിൽ നിന്ന് ബി.എ. പാസ്സായി. 1897-ൽ ബയ്അത്ത് ചെയ്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുകയും ചെയ്തു. ആത്മീയമായി വളരെ പെട്ടെന്ന് പുരോഗതി പ്രാപിച്ച അദ്ദേഹത്തിന് ധാരാളം ഇൽ ഹാമുകളും കശ്ഫുകളും ലഭ്യമായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു കശ്ഫിൽ 'ശേർ അലി' എന്നുപേരുള്ള മാലാഖാസദൃശനായ ഒരാളെ കാണിക്കപ്പെടുകയുണ്ടായി. (*തദ്കിറ, പേ-18*) അവിടുന്ന് ഈ കശ്ഫിന്റെ പൂർത്തീകരണമായിരുന്നു. ഉന്നത ഭൗതിക വിദ്യാഭ്യാസം ആർജ്ജിച്ചിരുന്നുവെങ്കിലും ഭൗതികവർണ്ണങ്ങളും കോലാഹലങ്ങളും ഉപേക്ഷിച്ചുകൊണ്ട് ആജീവനാന്ത ദീനിസേവനത്തിനായി തന്നെ സമർപ്പിക്കുകയും ആ മാർഗ്ഗത്തിൽ സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ട്, ഖാദിയാന്റെതന്നെ ഒരു ഭാഗമായിത്തീരുകയും ചെയ്തു.

ആ കാലഘട്ടത്തിൽ വളരെ അപൂർവ്വമായേ ബിരുദധാരികളെ കാണുവാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ സർക്കാരിലെ ഉന്നതമായ നിയമനങ്ങൾ അത്തരക്കാരെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രി കഴിഞ്ഞ് ഖാദിയാനിൽ വന്ന സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ അസാമാന്യപാടവവും മികവും കാരണമായി ജഡ്ജിന്റെ പദവിയിൽ അവരോധിച്ചുകൊണ്ടുള്ള നിയമന ഉത്തരവ് ലഭിക്കുകയുണ്ടായി. ഇത് കണ്ട് ജോലിയിൽ പ്രവേശിക്കാൻ പിതാവ് നിർബന്ധിച്ചു. എന്നാൽ ഖാദിയാനുമായുള്ള ബന്ധം വിച്ഛേദിക്കേണ്ടി വരുമെന്നുള്ള ആശങ്ക നിമിത്തം, അദ്ദേഹം ഉത്തരവ് കീറിക്കളഞ്ഞു. അല്ലാഹുവിന്റെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് ഒരു വലിയ ത്യാഗമാണ് അദ്ദേഹം നിലനാട്ടിയത്. ഭൗതികാസക്തി നിശ്ശേഷമില്ലാതെ തികച്ചും ലളിതമായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ഇതുസംബന്ധമായി ജനാബ് മലിക് ഗുലാം ഫരീദ് സാഹിബ് ഇപ്രകാരം നിവേദനം ചെയ്യുന്നു. "പത്രങ്ങളിൽ ലേഖനങ്ങളും മറ്റും എഴുതിയിരുന്ന മുഹമ്മദ് ശഫീഅ് എന്നൊരാൾ നമ്മുടെ ജൽസാ സാലാന റിപ്പോർട്ട് ചെയ്യുന്നതിനായി ഖാദിയാനിൽ വരികയും എന്റെയടുക്കൽ താമസിക്കുകയും ചെയ്തു. ഞങ്ങൾ ജൽസാഗാഹിലേക്ക് പോയപ്പോൾ അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു. ''മലിക് സാഹിബ്, ഏതെങ്കിലും വലിയുല്ലായെ എനിക്ക് കാണിച്ചുതരിക''. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വലിയുല്ലാഹ് ഞങ്ങളുടെ ഇമാം തന്നെയാണ്. അദ്ദേഹത്തിനെയാകട്ടെ താങ്കൾ കണ്ടുകഴിഞ്ഞു എന്ന് ഞാൻ മറുപടി നൽകി. "അതേ, അതു ശരിതന്നെയാണ്. എന്നാലതല്ലാതെ വേറേതെങ്കിലും ഒരു ഫഖീർ വലിയുല്ലാഹിനെ കാണുവാൻ ഞാനുദ്ദേശിക്കുന്നു എന്ന ദ്ദേഹം പറഞ്ഞു. അയാൾ എന്താണുദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. തൽസമയം മൗലാനാ ശേർഅലി സാഹിബ്(റ) ഒരു പരുപരുത്ത തടിച്ച കമ്പിളി പുതച്ച് ഞങ്ങളുടെ അരികിലൂടെ കടന്നുപോയി.


1902-ൽ ഗ്രേജ്വേറ്റായി, ഇംഗ്ലീഷിൽ അഗാധപാണ്ഡിത്യം നേടുകയും റിവ്യൂ ഓഫ് റിലീജിയൻസിന്റെ എഡിറ്ററായി സേവനമനുഷ്ഠിക്കുകയും ചെയ്ത മൗലാനാ ശേർ അലി സാഹിബാണ് ആ പോകുന്നത്, ഞാനദ്ദേഹത്തിന് പരിചയപ്പെടുത്തി. യൂറോപ്പിൽ മൂന്നുകൊല്ലം താമസിച്ചിരുന്ന അദ്ദേഹം ഇപ്പോൾ വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് തർജ്ജമ ചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു. ''ഞാനിതുപോലുള്ള ഫഖീറിനെ കാണാനാണാഗ്രഹിച്ചത്.'' അയാളുടെ കണ്ണുകൾ, ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ടിരുന്നു."

മറ്റൊരു നിവേദനത്തിൽ ഡോ. മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് പറയുന്നു. "ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലഘട്ടം, മൗലാനാ സാഹിബ് റിവ്യൂ ഓഫ് റിലീജിയൻസിന്റെ എഡിറ്ററായി സേവനമനുഷ്ഠിക്കുകയായിരുന്നു. രണ്ട് ഇംഗ്ലീഷ് ഓഫീസർമാർ ഖാദിയാനിൽവന്നു. അവർ നവാബ് സാഹിബിന്റെ ഭവനത്തിനരികിലൂടെ കടന്നുപോകുമ്പോൾ മൗലാനാ ശേർ അലി സാഹിബ് തന്റെ എരുമകളെ മേയ്ക്കുകയായിരുന്നു. വളരെ ലളിതമായ വേഷത്തിലായിരുന്നു അദ്ദേഹം. ഓഫീസർമാരിലൊരാൾ മൗലാനാ സാഹിബിനോട്, ഞങ്ങൾ റിവ്യൂഓഫ് റിലിജിയൻസിന്റെ എഡിറ്ററെ കാണാനാണ് വന്നിരിക്കുന്നത്. അദ്ദേഹം എവിടെയാണുണ്ടാവുക എന്ന് ആരാഞ്ഞു. "വരൂ, ഞാൻ നിങ്ങളെ അദ്ദേഹത്തിന്റെ വീട്ടിലെത്തിക്കാം'' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അവരെ തന്റെ ഭവനത്തിലേക്കാനയിക്കുകയും വളരെ ഉപചാരപൂർവ്വം ഇരുത്തുകയും ചെയ്തു. ചായസൽക്കാരത്തിനിടയിൽ സാവധാനം സ്വയം പരിചയപ്പെടുത്താമെന്നാണ് കരുതിയത്. പക്ഷേ, ഞങ്ങളെ എഡിറ്ററെ കാണുവാൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊണ്ടുപോകണമെന്ന് ആഗതർ വീണ്ടും ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു. ''ഞാൻ തന്നെയാണ് അയാൾ.'' അദ്ദേഹത്തിന്റെ മറുപടി അവരെ അത്ഭുതപരതന്ത്രരാക്കി. അവരറിയാതെതന്നെ ഇങ്ങനെ പറഞ്ഞു. ''ഞങ്ങൾ കരുതിയത് ഏതെങ്കിലും ഇംഗ്ലീഷുകാരനായിരിക്കും ഈ മാസികയുടെ എഡിറ്റർ എന്നാണ്." (*അവലംബം, മിശ്ക്കാത്, ഒക്ടോബർ, നവംബർ, 2005, വാല്യം 24, പേ.28*)

# അബ്ദുർ റഹീം സാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ കർമ്മധീരനായ പോരാളി

ടി. ശറഫുദ്ദീൻ, കണ്ണൂർസിറ്റി

**സ**ത്യദൂതൻ മാസികയുടെ ദീർഘകാല പത്രാധിപരും എഴുത്തുകാരനും പ്രമുഖ വാഗ്മിയുമായിരുന്ന എൻ. അബ്ദുർറഹീം സാഹിബ് (79) ജൂൺ 24-ന് രാവിലെ കണ്ണൂരിൽവെച്ച് തന്റെ നാഥനിലേക്ക് യാത്രയായി. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ)



പ്രാഥമികവിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ തന്റെ മാതുലനായ എൻ. ഹാമിദ് സാഹിബിന്റെയും തന്റെ ഗുരുഭൂതനായ വലിയ മൗലവി സാഹിബിന്റെയും പ്രവർത്തനങ്ങളിൽ പ്രചോദിതനായ റഹീം സാഹിബ് ജമാഅത്തിന്റെ സാഹിത്യരചനയിൽ അവരുടെ സഹായിയായി പ്രവർത്തിച്ചിരുന്നു. വിദ്യാഭ്യാസ കാലശേഷം ഭൗതികമായ മറ്റുപല ഉയർന്ന ജോലികളും ലഭിക്കുവാൻ ഏറെ സാധ്യതയുണ്ടായിരുന്നിട്ടും അദ്ദേഹം ജമാഅത്തിന്റെ സാഹിത്യരചനയിലുള്ള അഭിരുചി കാരണം അതിനുതകുന്ന തരത്തിലുള്ള ജോലിയായിരുന്നു സ്വീകരിച്ചത്. പത്രപ്രവർത്തനരംഗത്തിലൂടെ പൊതുരംഗത്തുയർന്നുവന്ന അദ്ദേഹം ചെറുപ്രായത്തിൽ തന്നെ സത്യദൂതന്റെ സബ്എഡിറ്ററായി പ്രവർത്തിച്ചുവന്നു. 1958ൽ മൗലവി അബ്ദുല്ലാ സാഹിബ് എച്ച്.എ സത്യദൂതൻ പത്രാധിപസ്ഥാനത്തുനിന്ന് ഒഴിഞ്ഞപ്പോൾ അദ്ദേഹം ആ ചുമതല ഏറ്റെടുത്തു. 1997 വരെ നീണ്ട 40 വർഷക്കാലം (ചെറിയ ഇടവേളകളൊഴിച്ച്) സത്യദൂതനെ നയിച്ച അബ്ദുർറഹീം സാഹിബിന്റെ ഈ റിക്കാർഡ് മലയാള പത്രപ്രവർത്തനരംഗത്ത് തന്നെ ഒരു സർവ്വകാല റിക്കാർഡാണ്.

തന്റെ ഗുരുഭൂതന്റേയും മാതുലന്റേയും നിർദ്ദേശപ്രകാരം അഹ്മദിയ്യാ സാഹിത്യരചനയിൽ മുഴുകിയ അദ്ദേഹം അതിൽ ആനന്ദം കണ്ടെത്തി. സത്യദൂതന്റെ തലപ്പത്തിരുന്ന അദ്ദേഹം അഹ്മദിയ്യത്തിനുവേണ്ടി, ഒരു സത്യദൂതനെപോലെ പടവെട്ടുകയും, പരിച പിടിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കുറിക്ക് കൊള്ളുന്ന മറുപടികൾ എതിരാളികൾക്ക് എന്നും അമ്പരപ്പാണ്.

കണ്ണൂർജില്ലാ പ്രസ്സ് ക്ലബ്ബ് പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ച അദ്ദേഹം പത്രപ്രവർത്തനരംഗത്തെ ധാർമ്മികതയുടെ പര്യായമായിരുന്നു.

ഔദ്യോഗിക ജോലികൾക്കിടയിലും അഹ്മദിയ്യാ സാഹിത്യരചനയിൽ മുഴുകിയ അദ്ദേഹം 30-ലേറെ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തിട്ടുണ്ട്. 20-ഓളം ഗ്രന്ഥങ്ങൾ സ്വന്തമായി എഴുതുകയും ചെയ്തു. അഹ്മദിയ്യാ മലയാളസാഹിത്യത്തിന്റെ മുക്കാൽപങ്കും എൻ. അബ്ദുർറഹീം സാഹിബിന്റെ സംഭാവനയാണ്. ഇന്ത്യയിൽതന്നെ പുസ്തകരചനയിൽ റഹീം സാഹിബിന് പകരം വയ്ക്കുവാൻ മറ്റൊരാളുണ്ടായിട്ടില്ല എന്നറിയുമ്പോഴാണ് അദ്ദേഹത്തിന്റെ മഹത്വം നാം അറിയുന്നത്.

ഔദ്യോഗിക ജോലിയിൽനിന്നും വിരമിച്ച അദ്ദേഹം മുഴുവൻസമയവും അഹ്മദിയ്യാ സാഹിത്യരചനയിൽ മുഴുകുകയായിരുന്നു. എഴുതുവാൻ സാധിക്കുന്ന അവസാന നിമിഷം വരേയും ജമാഅത്തിനുവേണ്ടി എഴുതിക്കൂട്ടിയ അദ്ദേഹത്തിന്റെ പണിപ്പുരയിൽ പണി പൂർത്തിയായതും ആവാത്തതുമായ പല ഗ്രന്ഥങ്ങളും വായനക്കാരായ മലയാളികളെ കാത്തിരിക്കുന്നു. ഹ: മസീഹ് മൗഊദ്(അ)ന്റെ എല്ലാ ഗ്രന്ഥങ്ങളും മലയാളത്തിൽ വരണമെന്നുള്ളത് അദ്ദേഹത്തിന്റെ ഒരിക്കലും അടങ്ങാത്ത ജീവിതാഭിലാഷമായിരുന്നു. ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും അഭേദ്യമായ കൂറുപുലർത്തിയ റഹീം സാഹിബ് നമ്മുടെയിടയിൽ വേണ്ടുന്ന രീതിയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന വലിയ സംശയം ഇന്നും ബാക്കിയാണ്.

ഉജ്ജ്വല പ്രഭാഷകനും ഉർദു, ഇംഗ്ലീഷ് പ്രസംഗ പരിഭാഷകനുമായ അദ്ദേഹം വായിച്ചു

(6-ാം പേജിൽ)

# കണ്ണൂർമേഖലാ അൻസാറുല്ലാ ഇജ്തിമാ

**കണ്ണൂർ ടൗൺ, 2006 ജൂൺ 4:** കണ്ണൂർമേഖലാ മജ്ലിസ് അൻസാറുല്ലായുടെ ഏകദിന ഇജ്തിമ ജൂൺ 4-ന് കണ്ണൂർ ടൗൺ അഹ്മദിയ്യാ മുസ്‌ലിം മസ്ജിദിൽ നടത്തി. മജ്ലിസ് അൻസാറുല്ലാ ഭാരത് നായിബ് സദർ ജനാബ് ഇനായത്തുല്ലാഹ് സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. ഹുസൂർ തിരുമനസ്സിന്റെ ഉപദേശങ്ങളനുസരിച്ച് ജമാഅത്തംഗങ്ങൾ പ്രവർത്തിക്കണമെന്നും ദുആയുടെ പ്രാധാന്യം മനസ്സിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഹുസൂറിന്റെ ഖുത്ബകൾ യഥാസമയം തർജമ ചെയ്ത് കേൾപ്പിക്കുന്നതിൽ അദ്ദേഹം സന്തുഷ്ടി രേഖപ്പെടുത്തി. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ഉപദേശപ്രസംഗം നടത്തി. മേഖലാ അമീർ ജ: എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബ്, അൻസാറുല്ലാ സംസ്ഥാന നാസിം ജ: പി.പി. നാസിറുദ്ദീൻ സാഹിബ് എന്നിവരും സംബന്ധിച്ചു. അൻസാറുല്ലാ മേഖലാ നാസിം യു. മൻസൂർ സാഹിബ് അധ്യക്ഷത വഹിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. കെ. അബ്ദുൽ അസീസ് സാഹിബ് സ്വാഗതം പറഞ്ഞു. അഡ്വ. ജമീൽ അഹ്മദ് നന്ദി പറഞ്ഞു.

കണ്ണൂർ മേഖലയിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി പരീക്ഷകളിൽ വിജയിച്ച കുട്ടികളെ അനുമോദിച്ചുകൊണ്ട് പ്രൊഫ. ബി. മഹ്മൂദ ഹ്മദ് സാഹിബ്, പ്രൊഫ. പി. മുസഫർ അഹ്മദ് സാഹിബ്, ജ: അബ്ദുല്ലാ സുബൈർ സാഹിബ് എന്നിവർ സംസാരിച്ചു. വിജയികൾക്കുള്ള സമ്മാനങ്ങൾ ടൗൺ ജമാഅത്ത് പ്രസിഡന്റ് ജ: ബി. അബ്ദുസ്സലാം സാഹിബ് വിതരണം ചെയ്തു.

## ഖുർആൻ

"തങ്ങൾക്ക് വന്നുകിട്ടിയിട്ടുള്ള തെളിവൊന്നുമില്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് തർക്കിക്കുന്നവരുടെ ഹൃദയങ്ങളിൽ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. വാസ്തവത്തിൽ അവരതിനെ പ്രാപിക്കുന്നവരല്ലതാനും. അതുകൊണ്ട് അല്ലാഹുവിനോട് നീ അഭയം തേടുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു." *(40:57)*

## നബിവചനം

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഇങ്ങനെ അരുൾ ചെയ്തു. "തന്റെ ഹൃദയത്തിൽ അണുഅളവ് അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല." അപ്പോൾ ഒരാൾ ചോദിച്ചു. 'തന്റെ വസ്ത്രവും പാദുകവും ഭംഗിയുള്ളതാവണമെന്ന് ആഗ്രഹിക്കുന്ന ഒരാളെപറ്റി എന്തു പറയുന്നു?' നബി(സ) മറുപടി പറഞ്ഞു. അല്ലാഹു സുന്ദരനാകുന്നു. അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അഹംഭാവം സത്യത്തെ നിഷേധിക്കലും ജനങ്ങളെ തരംതാഴ്ത്തലുമാണ്. *(മുസ്‌ലിം)*

## യുഗശബ്ദം



സുകൃതരായ ദാസന്മാരെയല്ലാതെ അല്ലാഹു ആരേയും ഗണ്യമാക്കുകയില്ല. നിങ്ങൾ പരസ്പരം സൗഭ്രാതവും സ്നേഹവും പുലർത്തുവിൻ. എല്ലാതരത്തിലുള്ള കളിയാക്കലുകളിൽനിന്നും പരിഹാസോക്തികളിൽനിന്നും നിങ്ങൾ പൂർണ്ണമായും അകന്നുകൊൾവിൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽനിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവിൻ. ഓരോരുത്തരും തന്റെ സുഖാശ്വാസത്തേക്കാൾ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണനിലയിൽ തന്റെ കുറ്റങ്ങളിൽനിന്ന് പശ്ചാത്തപിച്ച് അവന്റെ സവിധത്തിൽ ഹാജരാകുന്നവൻ മാത്രമേ അതിൽനിന്ന് രക്ഷപ്പെടുകയുള്ളൂ.

ഓർത്തുകൊള്ളുവിൻ, അല്ലാഹുവിന്റെ കല്പനകളുമായി നിങ്ങളെ സ്വയം ബന്ധിക്കുകയും അവന്റെ ദീനിന്റെ പിന്തുണക്കായി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ നിങ്ങളുടെ എല്ലാ പ്രതിബന്ധങ്ങളേയും തട്ടിമാറ്റുന്നതാണ്. നിങ്ങൾ വിജയിക്കുകയും ചെയ്യും. കൃഷിക്കാരൻ മികച്ച ചെടികൾക്കുവേണ്ടി വയലിൽനിന്നും കളകളെയെല്ലാം പറിച്ചെറിയുകയും തന്റെ പറമ്പിൽ മേന്മയുള്ള വൃക്ഷങ്ങളും തൈകളും നട്ടുപിടിപ്പിക്കുന്നതും അവയെ സംരക്ഷിക്കുകയും എല്ലാ ദോഷങ്ങളിൽനിന്നും നാശത്തിൽനിന്നും രക്ഷിക്കുകയും ചെയ്യുന്നതും നിങ്ങൾ കണ്ടിട്ടില്ലേ? ഫലം ഉണ്ടാകാതിരിക്കുകയും ചീഞ്ഞുതുടങ്ങുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്ന ചെടികളെ, കന്നുകാലികൾ തിന്നുകളയുന്നതിനേയും ഏതെങ്കിലും വിറകുവെട്ടുകാരൻ കൊണ്ടുപോകുന്നതിനേയും ആരും ഗൗനിക്കുകയില്ല. അതുപോലെതന്നെ അല്ലാഹുവിന്റെ മുമ്പിൽ സത്യസന്ധനാണെങ്കിൽ ആരുടേയും ശത്രുത നിങ്ങളെ കഷ്ടത്തിലാക്കുകയില്ല. എന്നാൽ നിങ്ങൾ നിങ്ങളുടെ അവസ്ഥകളെ ശരിപ്പെടുത്തുകയും അല്ലാഹുവിനോടുള്ള അനുസരണത്തിന്റെ സത്യമായ ഒരു പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളേയും ഗൗനിക്കുന്നതല്ല. എല്ലാ ശങ്കകളും വികാരക്ഷോഭങ്ങളും ശത്രുതകളും നിങ്ങളുടെ ഇടയിൽനിന്നും നീക്കുക. എന്തെന്നാൽ ചെറിയ കാര്യങ്ങളിൽ നിന്നെല്ലാം വിട്ടകന്നു അതിപ്രധാനവും മഹനീയവുമായ കർത്തവ്യങ്ങളിൽ വ്യാപൃതരാകേണ്ടവരത്രെ നിങ്ങൾ. ലോകർ നിങ്ങളോട് ശത്രുത പുലർത്തും. വിവിധ സംഘടനകളിൽപെട്ടവർ നിങ്ങളുടെ വിരോധികളായിത്തീരും. നിങ്ങൾ അവരെ വളരെ മയത്തോടെ കാര്യം ധരിപ്പിക്കുക. അമിതമായ ആവേശം അരുത്. ഇത് നിങ്ങൾക്കുള്ള എന്റെ ഒസ്യത്താകുന്നു. ഒരിക്കലുംതന്നെ ക്രോധത്തോടും കർക്കശത്തോടും പ്രവർത്തിക്കാതിരിക്കുക. മൃദുലമായും അവധാനതയോടും സൗഹൃദത്തോടും കൂടി എല്ലാവരേയും കാര്യങ്ങൾ ധരിപ്പിക്കാൻ ശ്രമിക്കുവിൻ.

*(മൽഫൂസാത്ത്, ഭാ-1, 266-268)*

# മലയാളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിന്റെ എഴുത്തിന്റെ പ്രതീകം

എൻ.ഇ. ഹഖ്

ജ:എൻ. അബ്ദുർ റഹീം സാഹിബ് അന്തരിച്ചു! കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ആശയപരമായ പ്രതിരോധത്തിന്റെ അമരക്കാരനായി, അഹ്മദിയ്യാ സാഹിത്യത്തിന്റെ തിലകക്കുറിയായി അരനൂറ്റാണ്ടിലേറെ കാലം മലയാളത്തിലെ മതസാഹിത്യരംഗത്ത് തിളങ്ങിനിന്ന പ്രതിഭാശാലി നമ്മെ വിട്ടുപിരിഞ്ഞു! ***(ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ)***

കേരളത്തിലെ ഓരോ അഹ്മദിക്കും അഹ്മദിയ്യത്തിനെ അറിയുന്ന ഓരോ ആൾക്കും സുപരിചിതമായ, എഴുത്തിന്റെ പ്രതീകമായിരുന്നു എൻ. അബ്ദുർ റഹീം എന്ന നാമം. മലയാളസാഹിത്യത്തിന്റെയും പത്രപ്രവർത്തനത്തിന്റേയും അമരങ്ങളിലേക്ക് ഉയർന്നുപോകാനുള്ള അന്യാദൃശമായ സർഗ്ഗസിദ്ധിയും അവസരങ്ങളുമുണ്ടായിട്ടും, അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി, 'സത്യദൂതനു'വേണ്ടി, അഹ്മദിയ്യാ സാഹിത്യത്തിനുവേണ്ടി സമർപ്പണം ചെയ്ത ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മലയാളത്തിലെ അഹ്മദിയ്യാ സാഹിത്യരംഗം എല്ലാ അർത്ഥത്തിലും അദ്ദേഹം സമ്പന്നമാക്കി എന്നുമാത്രമല്ല, കേരളത്തിലെ ഇസ്‌ലാമിക സാഹിത്യരംഗത്ത് മസീഹി ആഗമനത്തിന്റെ സർഗ്ഗവസന്തം വിരിയിക്കുകകൂടി ചെയ്തു അദ്ദേഹം.

വാഗ്ദത്ത മസീഹ്(അ)ന്റെ സമുന്നതരായ അഞ്ച് തിരുസഹചാരികളുടെ, സഹാബിമാരുടെ പവിത്രപാദസ്പർശമേറ്റു അനുഗൃഹീതമായ പുരാതനവും പ്രശസ്തവുമായ നടുവിലകത്ത് തറവാട്ടിലാണ് അബ്ദുർറഹീം സാഹിബ് ജനിച്ചത്. പിതാവ് എടപ്പകത്ത് ഹംസ സാഹിബ് കേരളത്തിലെ ആദ്യത്തെ അഹ്മദി ഹസ്റത്ത് ഇ.അബ്ദുൽഖാദിർകുട്ടി സാഹിബിന്റെ സഹോദരിപുത്രനും, മാതാവ് നടുവിലകത്ത് നഫീസബി സാഹിബ പുത്രിയുമായിരുന്നു. അക്കാലത്ത് കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന ഈ തറവാട്ടിലെ സ്വീകരണമുറിയിലിരുന്ന് മലബാറിലെ അഹ്മദിയ്യാ പ്രവർത്തനങ്ങളുടെ കരുക്കൾ നീക്കിയ മഹാരഥന്മാരായ ഹസ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെയും എൻ. ഹാമിദ് സാഹിബിന്റെയും എച്ച്. ഹുസൈൻ സാഹിബിന്റെയും, വി. അബ്ദുൽ ഖയ്യൂം സാഹിബിന്റേയും മാസ്മരിക സാന്നിധ്യങ്ങളുടെ ആത്മീയതാപമേറ്റാണ് അദ്ദേഹം വളർന്നത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെയും വന്ദ്യ മാതുലൻ എൻ. ഹാമിദ് സാഹിബിന്റേയും അനുഗൃഹീത ശിഷ്യത്വത്തിൽ പ്രാരംഭദശയിലായിരുന്ന ജമാഅത്തിന്റെ മതസാഹിത്യ വിതാനത്തിൽ പിച്ചവെച്ചു. ഒരു പത്രലേഖകൻ കൂടിയായിരുന്ന അമ്മാവനിൽനിന്നുതന്നെ പത്രപ്രവർത്തനത്തിന്റെ ബാലപാഠവും അഭ്യസിച്ചു. പിൽക്കാലത്ത്, ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ ജമാഅത്തിന് അതുല്യമായ സംഭാവനകൾ അർപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചത് ഈ മഹാഗുരുക്കന്മാരുടെ ആത്മീയശിക്ഷണത്തിലൂടെയായിരുന്നു.

1947-ൽ ഫലസ്തീൻ പ്രശ്നത്തെക്കുറിച്ചെഴുതിയ പ്രൗഢവും വിജ്ഞേയവുമായ ഒരു ലേഖനത്തിലൂടെയാണ് അദ്ദേഹം സത്യദൂതന്റെ താളുകളിൽ പ്രത്യക്ഷപ്പെടുന്നത്. അടുത്തവർഷം സത്യദൂതന്റെ സബ്എഡിറ്ററായിരിക്കെത്തന്നെ അന്നത്തെ പ്രശസ്തമായ പൗരശക്തി ദിനപത്രത്തിന്റെ റിപ്പോർട്ടറായി ജോലിയിൽ പ്രവേശിച്ചു. ചന്ദ്രിക ദിനപത്രത്തിന്റെ കൂടി ലേഖകനായി പ്രവർത്തിക്കുന്ന കാലത്താണ് പത്രപ്രവർത്തനത്തിലുള്ള ബഹുമുഖ സിദ്ധികൾ പുറത്തെടുത്തത്. അക്കാലത്ത് കേരളത്തിലെ ആദ്യത്തെ നിയമസഭാസ്പീക്കറും, മുസ്‌ലിംലീഗിന്റെ അനിഷേധ്യനേതാവുമായ കെ.എം.സീതിസാഹിബിന്റെ അഭിനന്ദനം നേടിയെടുത്തു. മർഹൂം ബാഫഖി തങ്ങളുടെ മാത്രം എതിർപ്പുകാരണമായിട്ടായിരുന്നു 'ചന്ദ്രിക'യുടെ എഡിറ്റർ പദവി അപ്രാപ്യമായത്. ഒരുവേള പഠനാർത്ഥം ഖാദിയാൻ ദാറുൽ അമാനിലേക്ക് പോയെങ്കിലും വന്ദ്യഗുരുനാഥൻ മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ അടിയന്തിരസന്ദേശം കിട്ടിയതനുസരിച്ച് തിരിച്ചുവരികയും അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ജമാഅത്തിന്റെ സാഹിത്യപ്രവർത്തനങ്ങളിൽ വ്യാപൃതമാവുകയും ചെയ്തു. മർഹൂം വി. അബ്ദുൽ ഖയ്യൂം സാഹിബ് മുഖേന ലഭിച്ച ഉയർന്ന ജോലിയ്ക്കുള്ള അവസരം പോലും ആയിടയ്ക്ക് അദ്ദേഹം വേണ്ടെന്ന് വയ്ക്കുകയുണ്ടായി. തന്റെ വന്ദ്യഗുരുനാഥൻ മൗലാനാ അബ്ദുല്ലാഹ് സാഹിബിൽനിന്ന് 1958-ലായിരുന്നു ആദ്യമായി എൻ. അബ്ദുർറഹീം സാഹിബ് സത്യദൂതന്റെ പത്രാധിപത്യം ഏറ്റെടുത്തതെങ്കിലും പിന്നീട് വിവിധ കാലങ്ങളിലായി ഈ

(8-ാം പേജിൽ

(5-ാം പേജിൽനിന്ന്)

തള്ളിയ പുസ്തകങ്ങളുടെ വൈവിധ്യവും വൈപുല്യവും റഹീം സാഹിബിനെ അടുത്തറിയുന്നവർക്ക് മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മതഗ്രന്ഥങ്ങൾ, ചരിത്രം, രാഷ്ട്രീയം, സാമ്പത്തികം, സയൻസ്, ഇംഗ്ലീഷ്, ഉർദു, മലയാളം സാഹിത്യങ്ങൾ ഇങ്ങനെ അദ്ദേഹം വായിക്കാത്തതും എഴുതാത്തതുമായ വിഷയങ്ങൾ ഒന്നും തന്നെയില്ല.

ശ്രീ. കെ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഏർപ്പെടുത്തിയ എമിനന്റ് ജർണലിസ്റ്റ് പെൻഷൻ സ്കീം അനുസരിച്ച് കണ്ണൂരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഏക പത്രപ്രവർത്തകനായിരുന്നു അദ്ദേഹം.

ഖിലാഫത്തിനോടുള്ള അതിയായ സ്നേഹം കാരണം അസുഖബാധിതനായിട്ടും 2005-ലെ ജൽസയിൽ പങ്കെടുക്കുകയും ഹുസൂറിനെ നേരിൽ കാണുകയും ചെയ്തു.

അഹ്മദിയ്യാ സാഹിത്യത്തെ മലയാളത്തിന് പരിചയപ്പെടുത്തുവാൻ തന്റെ ജീവിതം ഉഴിഞ്ഞുവെച്ച ആ രാജകുമാരൻ താനിരുന്ന സിംഹാസനം ഒഴിച്ചുവെച്ച് യാത്രയായിരിക്കുന്നു. അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മിലുണ്ട്. ഭാവിയിൽ അല്ലാഹു അദ്ദേഹത്തോളം പോരുന്ന ആളുകളെ നമുക്ക് നല്കിയനുഗ്രഹിക്കുമാറാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ച് അദ്ദേഹത്തിന്റെ ആഗ്രഹം പോലെ മലയാളസാഹിത്യത്തിൽ അഹ്മദിയ്യാ ജമാഅത്ത് പുഷ്ടിപെടട്ടെ. കേരള ജമാഅത്തിന് വന്നുഭവിച്ച ഈ അപരിഹാര്യമായ നഷ്ടം അല്ലാഹു നികത്തിത്തരുമാറാകട്ടെ. അദ്ദേഹത്തിന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ. ആമീൻ.

## ദീനി പരീക്ഷ അറിയിപ്പ്

2006ലെ ഖുദ്ദാമുൽ അഹ്മദിയ്യാ ദീനി പരീക്ഷയുടെ മുന്നോടിയായുള്ള രണ്ടാം ഘട്ട മാതൃകാ പരീക്ഷ ജൂലായ് 30 ന് എല്ലാ മജ്‌ലിസുകളും നടത്തേണ്ടതാണ്. പരീക്ഷാ സിലബസ് താഴെ ചേർക്കുന്നു.

**ഗ്രൂപ്പ് - 1** (15 - 20 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**തർജ്ജമ രാമത്തെ ജുസൂഅ്**
**മനഃപാഠം** - സൂറത്ത് ബഖറയുടെ അവസാന റുകൂഅ് സൂറത്തുൽ ആലിംറാൻ - 191-195 വരെയുള്ള ആയത്തുകൾ.
**നമസ്കാരം** - മുഴുവൻ അർത്ഥസഹിതം
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലിവരെ ചൊല്ലാൻ ഹുസൂർ കൽപ്പിച്ച ദുആകൾ അർത്ഥ സഹിതം.
**പുസ്തകം-** മഹ്ദി ഇമാം വെളിപ്പെട്ടു

**ഗ്രൂപ്പ് - 2** (21 - 30 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**തർജ്ജമ** - സൂറഃമുഅ്മിനീൻ, സൂറഃനൂർ
**മനഃപാഠം-**സൂറഃകഅഫ് അവസാന റുക്കൂഅ്
**നമസ്കാരം-** മുഴുവൻ അർത്ഥസഹിതം
**ദുആകൾ** - 2008 ഖിലാഫത്ത് ജൂബിലി വർഷം വരെ ഹുസൂർ ചൊല്ലാൻ കൽപിച്ച ദുആകൾ മുഴുവൻ അർത്ഥ സഹിതം
**പുസ്തകം-** ഈസാനബി(അ)യുടെ മരണം

**ഗ്രൂപ്പ് - 3** (31 - 40 വയസ്സ് വരെ)

**ഖുർആൻ-** ഖുർആൻ നോക്കി ഓതൽ
**തർജ്ജമ-** സൂറഃ ബലദ് മുതൽ സൂറഃ ഇൻശിറാഅ് വരെ
**മനഃപാഠം** - സൂറഃസഫ്ഫ്
**നമസ്കാരം-** മുഴുവൻ അർത്ഥസഹിതം
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലിവരെ ചൊല്ലാൻ ഹുസൂർ കൽപ്പിച്ച ദുആകൾ അർത്ഥ സഹിതം
**പുസ്തകം-** പ്രവാചകത്വം ഖുർആനിൽ

## പിന്നിട്ട നാളുകൾ

# എ.പി. കുഞ്ഞാമു സാഹിബ്

തലശ്ശേരിക്കും മാഹിക്കുമിടയിലുള്ള ഒരു പ്രദേശമായ പുന്നോൽ. അവിടെയുള്ള ഒരു പ്രമുഖ തറവാടാണ് 'ആലംമ്പത്ത്' തറവാട്. ആ തറവാട്ടിലെ ഒരു യുവാവ് തലശ്ശേരിയിൽനിന്നും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് കേൾക്കാനിടയായി. 1950കളിൽ തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലും അഹ്മദികളും സുന്നികളും തമ്മിൽ നോട്ടീസ് യുദ്ധം ആരംഭിച്ചിരുന്നു. തലശ്ശേരി കുഞ്ഞാമുസാഹിബും സംഘവും അഹ്മദി പക്ഷത്ത്. മുത്തുക്കോയയും സംഘവും മറുപക്ഷത്തും. നോട്ടീസ് യുദ്ധം മുറുകി. നോട്ടീസുകൾ പലരുടേയും കൈകളിലെത്തി. ചിലർ വായിച്ചു. ചിലർ വെറുതെ വലിച്ചെറിഞ്ഞു. ആലംമ്പത്ത് തറവാട്ടിലെ കുഞ്ഞാമു എന്ന കുട്ടി ഈ നോട്ടീസ് വായിച്ചവരിൽ ഒരാൾ. അന്നത് 12 വയസ്സുള്ള ഈ കുട്ടിക്ക് മനസ്സിലായില്ല. അഹ്മദിയ്യാ ജമാഅത്ത് എന്നൊരു പ്രസ്ഥാനം ഉണ്ടെന്ന് മനസ്സിലാക്കി.

1958-ൽ ഈ യുവാവ് ജോലിതേടി കോഴിക്കോട്ടെത്തി. ഒരു വർഷം കഴിഞ്ഞപ്പോൾ 1959-ൽ കുറ്റിച്ചിറയിൽ ജമാഅത്തിനെതിരെയുള്ള ഒരു പ്രസംഗ പരമ്പര കേൾക്കാനിടയായി. ഖാദിയാനികളുടെ- അങ്ങനെയാണല്ലോ ശത്രുക്കൾ അഹ്മദികളെ വിളിക്കുന്നത്. മരണമണി മുഴങ്ങിയെന്ന് പറഞ്ഞുകൊണ്ട് അന്നത്തെ ജമാഅത്തെ ഇസ്‌ലാമി അമീർ കെ.സി. അബ്ദുല്ല മൗലവിയാണ് പ്രസംഗം



നടത്തിയത്. ഇത് കേൾക്കാൻ കുഞ്ഞാമുസാഹിബും പോയി. അവിടെ വെച്ച് അഹ്മദികളുടേതായ ഒരു നോട്ടീസ് പലർക്കും കിട്ടി. ഒപ്പം കുഞ്ഞാമു സാഹിബിനും. "കെ.സി. അബ്ദുല്ലമൗലവിക്ക് എച്ച്.എ മറുപടി പറയുന്നു" ഇതായിരുന്നു നോട്ടീസ്. മറുപടി കുറ്റിച്ചിറയിൽ തന്നെ സംഘടിപ്പിക്കപ്പെട്ടിരുന്നു. കുഞ്ഞാമു സാഹിബും പ്രസംഗം ശ്രവിച്ചു. പ്രസ്ഥാനം സത്യം തന്നെ. കുഞ്ഞാമു സാഹിബിന്റെ മനസ്സ് പറഞ്ഞു. ഉടനെ എച്ച്.എ എന്ന വലിയ മൗലവി സാഹിബിനെ കാണാനായി കോഴിക്കോട് ദാറുസ്സലാമിലെത്തി. ദാറുസ്സലാം എന്നതാണ് അഹ്മദികളുടെ അക്കാലത്തെ കോഴിക്കോട്ടെ പള്ളിയുടെ പേര്. വലിയ മൗലവി സാഹിബിനോട് പലതും ചോദിച്ചു. കൂടുതലും ഇസ്‌ലാമിനെക്കുറിച്ചുള്ള സംശയങ്ങൾ. ''ഇസ്‌ലാം മതതത്വജ്ഞാനം" എന്ന വിഖ്യാതഗ്രന്ഥം കുഞ്ഞാമുസാഹിബിന് ലഭിച്ചു. തുടർന്ന് ഇതര അഹ്മദിയ്യാ സാഹിത്യങ്ങളും വായിച്ചു. ഒപ്പം താരതമ്യ പഠനത്തിന്നായി മറ്റുള്ളവരുടെ സാഹിത്യങ്ങളും.

കുഞ്ഞാമു സാഹിബും ജ്യേഷ്ഠൻ അബൂട്ടിസാഹിബും ദാറുസ്സലാമിലെത്തി ബയ്അത്ത് പ്രതിജ്ഞയെടുത്തു. ജ്യേഷ്ഠൻ അബൂട്ടിസാഹിബ് നേരത്തെതന്നെ ജമാഅത്തിനെ അറിഞ്ഞിരുന്നു. പ്രമുഖ തറവാട്ടിലെ അംഗങ്ങളായതിനാൽ ഏറെ എതിർപ്പുകൾ നേരിടേണ്ടി വന്നില്ല. എങ്കിലും സഹോദരിയുടെ കല്യാണം ചില്ലറ പ്രശ്നങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്തു. ഖാദിയാനികളായ സഹോദരന്മാർ കല്യാണത്തിൽ പങ്കെടുക്കാൻ പാടില്ല. അതായിരുന്നു ഖാസിയുടെ തീരുമാനം. അഹ്മദിയായി കഴിഞ്ഞതോടെ സമാധാന കാംക്ഷികളായ കുഞ്ഞാമു സാഹിബും അബൂട്ടി സാഹിബും മാറിനില്ക്കാൻതന്നെ തീരുമാനിച്ചു. തങ്ങൾ നാട്ടിലില്ലാത്ത സമയം കല്യാണത്തിനായി തീരുമാനിച്ചു. പക്ഷേ, അല്ലാഹു നിശ്ചയിച്ചത് മറ്റൊന്ന്. ഇരുവരും കല്യാണത്തിന് പങ്കെടുത്തു.ഉടനെ ഖാസിയുടെ നോട്ടീസ് എന്തുകൊണ്ട് കല്യാണത്തിന് പങ്കെടുക്കാൻ വിലക്കപ്പെട്ട നിങ്ങൾ പങ്കെടുത്തു. വിശദീകരണം നല്കുക. അഹ്മദികൾ ഭീരുക്കളാണെന്നാണ് ഖാസി ധരിച്ചത്. അയാളുടെ ധാരണ തെറ്റി. കുഞ്ഞാമു സാഹിബ് മറുപടി കൊടുത്തു. അതോടെ ഖാസി വായ മൂടിക്കെട്ടി.

1960-ൽ അഹ്മദിയായ കുഞ്ഞാമു സാഹിബ് ജമാഅത്തിൽ അലങ്കരിച്ച പദവികളേറെ. 1962-ൽ കോഴിക്കോട് ഖായിദായി തെരഞ്ഞെടുക്കപ്പെട്ടു. 1966-ൽ ജമാഅത്ത് പ്രസിഡന്റായി. കേരളത്തിലെ ആദ്യ സൂബായി അമീറായ സിദ്ദീഖ് അമീറലി സാഹിബിന്റെ കമ്മറ്റിയിൽ മെമ്പറായും ഡോക്ടർ മൻസൂർ അഹ്മദ് സാഹിബ് അമീറായപ്പോൾ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. 1992-ൽ സംസ്ഥാന അമീറായി നിയോഗിക്കപ്പെട്ടു. സത്യദൂതൻ ബിൽഡിംഗ് കമ്മിറ്റി സെക്രട്ടറി, മിനാറത്തിന്റെ പബ്ലിഷർ എന്നീ നിലകളിൽ പ്രവർത്തിച്ച കുഞ്ഞാമു സാഹിബ് നിലവിൽ നിരവധി സ്ഥാനങ്ങൾ വഹിച്ചുവരുന്നു. കോഴിക്കോട് ജമാഅത്ത് അമീർ, കോഴിക്കോട് മേഖലാ അമീർ, സത്യദൂതൻ പബ്ലിഷർ, ഫസ്‌ലെ ഉമർ സ്ക്കൂൾ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്ന കുഞ്ഞാമു സാഹിബ് ഖാദിയാൻ ജൽസയിൽ രണ്ടുതവണ അധ്യക്ഷസ്ഥാനം വഹിച്ചിട്ടുണ്ട്. താൻമുഖേന കുറേയേറെപേർ ബയ്അത്ത് ചെയ്തതിന്റെ ആഹ്ലാദം കുഞ്ഞാമു സാഹിബിനെ സന്തോഷിപ്പിക്കുന്നു. ഒപ്പം കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് ബയ്ത്തുൽ ഖുദ്ദൂസ് എന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പള്ളിയുടെ തലയെടുപ്പും.

***(തയ്യാറാക്കിയത്: ശംസുദ്ദീൻ, കണ്ണൂർ)***

---

### ✉ കത്തുകൾ

## അഭിനന്ദനങ്ങൾ

അൽഹഖിന്റെ ഏപ്രിൽ മെയ് ലക്കങ്ങൾ വായിച്ചു. നന്നായിട്ടുണ്ട്. കൃത്യസമയത്ത് പുറത്തിറക്കാനുള്ള ശ്രമത്തിന് അഭിനന്ദനങ്ങൾ. "പ്രകാശം പരത്തുന്ന ജീവിതങ്ങൾ", "പിന്നിട്ട നാളുകൾ" എന്നീ പംക്തികൾ പുതിയ തലമുറകൾക്ക് ജമാഅത്തിന്റെ ചരിത്രം മനസ്സിലാക്കാനും ജമാഅത്തിനുവേണ്ടി ത്യാഗം അനുഷ്ഠിച്ച മഹാത്മാക്കളെ തിരിച്ചറിയാനും സാധിക്കും. ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഹൽഹഖ് നിർവ്വഹിക്കുന്ന സേവനത്തിന് എല്ലാ ആശംസകളും.

*അഡ്വ. എം. ജമീൽ അഹ്മദ്*

---

## ഹ്യൂമാനിറ്റി ഫസ്റ്റിന് സാമ്പത്തിക സഹായം

**ന്യൂജഴ്സി 2006:** 2005 ഒക്ടോബർ 8-നുണ്ടായ ശക്തമായ ഭൂകമ്പത്തിൽ തകർന്നടിഞ്ഞ പാകിസ്ഥാന്റെ പുനരുത്ഥാരണ പ്രവർത്തനങ്ങളിൽ തുടർച്ചയായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന സന്നദ്ധ സംഘടനയ്ക്ക് വിവിധ ഭാഗങ്ങളിൽനിന്നും സഹായങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ന്യൂജഴ്സിയിലെ ഫർമസ്യൂട്ടിക്കൽ കമ്പനിയായ 'ഷെറിംഗ് പ്ലൗ കോർപ്പറേഷൻ' അടുത്തിടെ ഈ സംഘടനയ്ക്ക് 5000 അമേരിക്കൻ ഡോളർ നല്കുകയുണ്ടായി. 76,000 പേരുടെ മരണത്തിന് കാരണമായ ഭൂകമ്പം നടന്ന ഉടനെ തന്നെ സംഘടനയുടെ വളണ്ടിയർമാർ പാക്കിസ്ഥാനിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി എത്തിച്ചേർന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. മുസഫറാബാദ്, ബാഗ്, ബാലക്കോട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ വിതരണം ചെയ്തതോടൊപ്പം ദുരിതബാധിതർക്ക് താമസിക്കാൻ ടെന്റുകൾ നിർമ്മിച്ച് നല്കുകയുമുണ്ടായി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒരു സന്നദ്ധ സംഘടനയാണ് ഹ്യൂമാനിറ്റി ഫസ്റ്റ്.

---

# ആസൂത്രണബദ്ധമായി ജീവിതം നയിക്കുക

**എ.പി. കുഞ്ഞാമു സാഹിബ്**

**കോഴിക്കോട്, ജൂൺ 11:** ജീവിതം ആസൂത്രണബദ്ധമാവണമെന്ന് കോഴിക്കോട് മേഖലാ അഹ്മദിയ്യാ ജമാഅത്ത് അമീർ എ.പി. കുഞ്ഞാമു സാഹിബ് പറഞ്ഞു. ജൂൺ 11-ാം തിയ്യതി ബൈത്തുൽ ഖുദ്ദൂസിൽവെച്ച് നടന്ന വിദ്യാഭ്യാസ പ്രദർശനവും കരിയർ ഗൈഡൻസ് ക്ലാസ്സും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജീവിതം ക്രമബദ്ധമാക്കേണ്ടത് വലിയ വിജയങ്ങൾ കെട്ടിപ്പടുക്കാൻ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പുതിയ വഴികളും മേഖലകളും അറിയുമ്പോഴാണ് ആസൂത്രണത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്. ആത്മീയമായി ഉന്നതി പ്രാപിക്കുന്നതിൽ ഭൗതികവിദ്യാഭ്യാസത്തിന് വലിയ പങ്കുണ്ടെന്ന് എ.പി. കുഞ്ഞാമു സാഹിബ് തുടർന്ന് പറഞ്ഞു. ചടങ്ങിൽ ഉത്തര കേരള ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദ് ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. ചീഫ് മിഷണറി മൗലവി ഉമർ സാഹിബ് കേരള നാസിം അൻസാറുല്ലാഹ് പി.പി. നാസിറുദ്ദീൻ സാഹിബ്, നജീബ് സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു. ചടങ്ങിനോടനുബന്ധിച്ച് ശ്രീ ശിവദാസൻ, ഡോ. ശക്കീൽ അഹ്മദ് ഐ.എ.എസ്. എന്നിവർ ക്ലാസ്സെടുത്തു.




ഈ ശില്പശാലയോടനുബന്ധിച്ച് നടന്ന വിദ്യാഭ്യാസ പ്രദർശനം പുതിയൊരു കാൽവെയ്പ്പായിരുന്നു. ഖലീഫത്തുൽ മസീഹ് (അയ്യദഹു)വിന്റെ ഖുദ്ദാമുൽ അഹ്മദിയ്യായോടുള്ള നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു ഇത്തരം പ്രദർശനങ്ങൾ സംഘടിപ്പിക്കുക എന്നത്. കേരളത്തിൽ ഇദംപ്രഥമമായി നടന്ന ഈ പരിപാടിയിൽ നിരവധി സ്റ്റാളുകൾ അവതരിപ്പിക്കപ്പെട്ടു. ജാമിഅ അഹ്മദിയ്യാ, മെഡിക്കൽ, എൻജിനിയറിംഗ്, മാനേജ്മെന്റ് തുടങ്ങി വിവിധ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ വിദഗ്ദ്ധർ ഈ സ്റ്റാളുകളിലൂടെ ഖാദിം -അത്ഫാൽ സഹോദരന്മാർക്ക് ഉപദേശങ്ങൾ നൽകി. ഈ പരിപാടി 8-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്കായാണ് ഒരുക്കിയിരുന്നത്. എന്നാൽ മുതിർന്ന ഖാദിംകളും പരിപാടിയിൽ പങ്കെടുത്ത് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഉപയോഗപ്പെടുത്തി. വിദ്യാർത്ഥികളെ കൂടാതെ രക്ഷിതാക്കളുടെ സാന്നിധ്യവും ശ്രദ്ധാർഹമായിരുന്നു. പല രക്ഷിതാക്കളും സംശയങ്ങൾ ചോദിച്ച് വേദിയുടെ ഉദ്ദേശ്യത്തെ പരിപൂർണ്ണമാക്കി. മഞ്ചേശ്വരം മുതൽ പാലക്കാട് വരെയുള്ള വിവിധ മജ്‌ലിസുകളിൽനിന്നായി പ്രതിനിധികൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. മജ്‌ലിസ് അൻസാറുല്ലാഹ് കോഴിക്കോട് മേഖലയുടേയും ഉത്തര കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടേയും സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

---

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഇജ്തിമ വയനാട്ടിൽ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഇജ്തിമ ആഗസ്ത് 19,20 (ശനി, ഞായർ) തീയ്യതികളിൽ വയനാട് ജില്ലയിലെ ലക്കിടിയിൽ വച്ചു നടത്തുന്നതാണ്. ഓറിയന്റൽ സ്ക്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഹാളിലാണ് ഇജ്തിമ സംഘടിപ്പിച്ചിരിക്കുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ ശുഹൈബ് അഹ്മദ് സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്യുന്നതാണ്. ആന്ധ്രാപ്രദേശ് സൂബായി അമീർ സുഹൈൽ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ് ,ആന്ധ്ര മുഅല്ലിം കൊടുങ്ങല്ലൂർ സലീം സാഹിബ്, സത്യദൂതൻ എഡിറ്റർ എ.എം. സലീം സാഹിബ്, മേഖലാ അമീർമാർ, സൗത്ത് ഇലാഖാ ഖാഇദ്, മൗലവിമാർ എന്നിവർ സംബന്ധിക്കുന്നു.

പ്രാദേശിക ഇജ്തിമകൾ ഉടനെ നടത്തേണ്ടതും വിജയികളുടെ പേരുവിവരങ്ങൾ ആഗസ്ത് 5 ന് മുമ്പ് പ്രോഗ്രാം കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്. എല്ലാ മജ്‌ലിസുകളും അവരുടെ വിഹിത സംഖ്യ ജൂലായ് 31 ന് മുമ്പ് ഇലാഖാ മാൽ സെക്രട്ടി ബാസിത്ത് സാഹിബിനേയോ (9447715405) മുഅ്ത്തമിദ് ശമീം സാഹിബിനെയോ (9387519202) ഏല്പിക്കേണ്ടതാണ്. ഖാദിമീങ്ങൾ നിർമ്മിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനം ഉണ്ടായിരിക്കുന്നതാണ്. താമസമുറികൾ ആവശ്യമുള്ളവർ ശമീം സാഹിബിനെ ബന്ധപ്പെടേണ്ടതാണ്. അത്ഫാലുകൾ ഇജ്തിമയിൽ പങ്കെടുക്കേണ്ടതില്ല.

# യേശുവിന്റെ ശവകുടീരം ശ്രീനഗറിൽ: അഭ്യൂഹം ശക്തിപ്രാപിക്കുന്നു

**യേശുക്രിസ്തുവിന്റെ അന്ത്യത്തെക്കുറിച്ച് മുജാഹിദ് പത്രമായ വർത്തമാനം പ്രസിദ്ധീകരിച്ച വാർത്ത...**

**ശ്രീനഗർ:** യേശുക്രിസ്തുവിന്റെ മരണത്തെ ചുറ്റിപ്പറ്റിയുള്ള അഭ്യൂഹങ്ങൾ വീണ്ടും സജീവമാകുന്നു. യേശുവിനെ മറവ് ചെയ്തത് ശ്രീനഗറിലാണെന്ന നിഗമനമാണ് ലോകത്തുടനീളമുള്ള ചരിത്രകാരന്മാരുടേയും പുരാവസ്തുഗവേഷകരുടേയും മതവിഭാഗങ്ങളുടേയും താല്പര്യമുണർത്തുന്നത്. അടുത്തിടെ പുറത്തിറങ്ങിയ 'ജീസസ് ലാസ്റ്റ് കിംഗ് ഓഫ് കശ്മീർ', 'ലൈഫ് ആഫ്റ്റർ ക്രൂസിഫിക്കേഷൻ' എന്ന പുസ്തകത്തിൽ ഇക്കാര്യം പ്രതിപാദിച്ചതോടെയാണ് യേശുവിന്റെ മരണത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ വീണ്ടും ചർച്ചാവിഷയമായത്. ജർമ്മൻകാരിയായ സൂസന്ന ഓൾസൺ ആണ് പുസ്തകത്തിന്റെ രചയിതാവ്.

സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ജർമ്മനിയിൽനിന്ന് രണ്ട് പുരാവസ്തുഗവേഷകർ ഉൾപ്പെട്ട സംഘം വർഷാവസാനം കശ്മീരിലെത്തും. അതേസമയം ഇതേക്കുറിച്ച് പഠിക്കാൻ ജനതാപാർട്ടി വിദഗ്ദ്ധരെ നിയോഗിക്കുമെന്ന് പാർട്ടിനേതാവ് ഡോ. സുബ്രഹ്മണ്യൻ സ്വാമിയും അറിയിച്ചിട്ടുണ്ട്.

ബുക്ക്ലറ്റ് വായിച്ചതോടെ യേശുവും മോസസും കശ്മീരിലെത്തിയതിനെക്കുറിച്ചും അവരുടെ മരണത്തെക്കുറിച്ചും അറിയാൻ അതിയായ താല്പര്യമുണ്ടെന്ന് ജനതാപാർട്ടി അധ്യക്ഷൻ ഡോ. സ്വാമി പറഞ്ഞു.

കശ്മീർ ഉൾപ്പെടെയുള്ള ഇടങ്ങളിലെ മുസ്‌ലിംകൾ യേശുവിനേയും മോസസിനേയും ഇസ്രായേലിന്റെ മക്കളായ പ്രവാചകരായിട്ടാണ് കാണുന്നത്. ഖുർആനിൽ ഇവരെക്കുറിച്ച് അനവധി പരാമർശങ്ങളുണ്ട്. ഇസ്രായേലിൽനിന്ന് വഴിതെറ്റിപ്പോയ ഗോത്രമാണ് തങ്ങളെന്ന വിശ്വാസവും കശ്മീരികൾക്കുണ്ട്.

കശ്മീർ താഴ്‌വരയിലെത്തിയ യേശു ലഡാക്കിലെ ഹെമിസ് സന്യാസിമഠം സന്ദർശിച്ച് ബുദ്ധമതം സ്വീകരിക്കുകയായിരുന്നുവെന്നും പിന്നീട് നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം പീഡനത്തിൽ നിന്ന് രക്ഷ തേടി കശ്മീരിലേക്ക് മടങ്ങുകയായിരുന്നുവെന്നുമാണ് അനുമാനം.



വർത്തമാനം

TUESDAY JUNE 13, 2006. PAGE 12

യേശുവിന്റെ ശവകുടീരം ശ്രീനഗറിൽ: അഭ്യൂഹം ശക്തി പ്രാപിക്കുന്നു

നേരത്തെ ഇസ്രായേൽ, ജർമ്മനി തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വിദഗ്ദ്ധർ കശ്മീരിലെത്തി ഇതുസംബന്ധിച്ച് ഗവേഷണം നടത്തിയിരുന്നുവെങ്കിലും സങ്കല്പത്തെ സാധൂകരിക്കുന്ന വിധത്തിൽ ഒന്നും തന്നെ കണ്ടെത്താനാവാതെ മടങ്ങുകയായിരുന്നു.

അതിനാൽ സത്യം കണ്ടെത്തണമെങ്കിൽ യേശുവിനെ മറവ് ചെയ്തതെന്നു പറയുന്ന ശ്രീനഗറിലെ ഖാൻയാർ മേഖലയിലെ റോസാബെല്ലിലും മോസസിനെ അടക്കിയെന്നു പറയുന്ന വടക്കൻ കശ്മീരിലെ ബന്ദിപ്പൂർ പട്ടണത്തിലും വിശദമായ ശാസ്ത്രീയപഠനം ആവശ്യമാണ്.

ഇസ്രായേലും കശ്മീരും തമ്മിൽ ഭാഷയിലും സംസ്കാരത്തിലും പുലർത്തുന്ന സാമ്യം ഇസ്രായേലിന്റെ അംശം കശ്മീരിലുണ്ടെന്ന സങ്കല്പത്തിന് വിശ്വാസ്യത നല്കുന്നുണ്ട്. കശ്മീരിലെ ജനങ്ങൾക്കും സ്ഥലങ്ങൾക്കും ഇസ്രായേലി പേരുകളാണെന്നതും ഇതിന് ആക്കം കൂട്ടുന്നുണ്ട്. കശ്മീരികളുടെ ശിശിരകാലത്തെ ഉത്സവമാണ് പാസ്ക. ചാന്ദ്രമാസത്തിലേയും സൗരമാസത്തിലേയും ദിവസങ്ങളുടെ വ്യത്യാസം അളന്നാണ് ഇതാഘോഷിക്കുന്നത്. ഇത് ജൂതസമ്പ്രദായത്തിന് സമാനമാണ്.

കൂടാതെ, സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായ ഉറുദുവിൽ നിരവധി ഹീബ്രു പദങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. യേശുവിന്റെ കശ്മീർ ജീവിതത്തെക്കുറിച്ച് അസീസ് കശ്മീരി രചിച്ച പുസ്തകങ്ങളിൽ സമാനമായ ഭക്ഷണശീലങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്.

സൂസന്നയുടെ പുസ്തകത്തിൽ കശ്മീരിലൂടെ 7 വർഷത്തോളം നടത്തിയ യാത്രയുടെ കണ്ടെത്തലുകളാണ് പ്രതിപാദിച്ചിരിക്കുന്നത്. കശ്മീർ താഴ്‌വരയും ഇന്ത്യയുടെ മറ്റു ഭാഗങ്ങളും സന്ദർശിച്ച സൂസന്ന യേശുവിന്റെ കുരിശുമരണത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ച് കൂടുതൽ പഠിക്കാനായി അഫ്ഗാനിസ്ഥാനിലും മറ്റു പ്രദേശങ്ങളിലും സന്ദർശനം നടത്തിയിരുന്നു. ലോകത്തിലെ പ്രധാന മതഗ്രന്ഥങ്ങളിൽ നിന്നും യൂറോപ്പിലേയും ഏഷ്യയിലേയും ഐതിഹാസിക കഥകളിൽനിന്നുമാണ് ഇത്തരമൊരു പുസ്തകം രചിക്കാനുണ്ടായ പ്രചോദനം ഉൾക്കൊണ്ടതെന്ന് അവർ പറഞ്ഞു.

ശവകുടീരം യേശുവിന്റേതാണെന്ന കാര്യത്തിൽ വ്യക്തിപരമായി സൂസന്നക്ക് യാതൊരു സംശയവുമില്ല. എന്നാൽ, ഇതിന് ശാസ്ത്രീയപിന്തുണ ലഭ്യമാക്കാനുള്ള പ്രയത്നത്തിലാണ് അവർ.

(6-ാം പേജിൽനിന്ന്)

സ്ഥാനം മാത്രം അദ്ദേഹം ഏതാണ്ട് 40 വർഷക്കാലം വഹിച്ചുപോന്നിട്ടുണ്ട്.


പൊതുരംഗത്ത് ജ:എൻ. അബ്ദുർ റഹീം സാഹിബിനെ പോലെ സുപരിചിതമായ മറ്റൊരു നാമധേയം കേരളത്തിലെ അഹ്മദികൾക്കിടയിലില്ല. സഹപ്രവർത്തകർക്കും സുഹൃത്തുക്കൾക്കും എന്നും അദ്ദേഹം അത്ഭുതമായിരുന്നു. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ വക്താവും പ്രയോക്താവുമായിട്ടാണ് പുറംലോകം അദ്ദേഹത്തെ നോക്കിക്കണ്ടത്. മലയാളത്തിലെ അഹ്മദിയ്യാ സാഹിത്യങ്ങൾമത സാഹിത്യരംഗത്ത് തലയെടുപ്പോടെ നിലയുറപ്പിച്ചത് വിവർത്തനങ്ങളുൾപ്പെടെയുള്ള അദ്ദേഹത്തിന്റെ കൃതികളിലൂടെയാണ്. 1969-ൽ ആദർശവിശുദ്ധിയുടെ പ്രതീകമായ ശ്രീ പാമ്പൻ മാധവന്റെ താത്പര്യപ്രകാരമാണ് 'മാതൃഭൂമി'യിൽ ലേഖകനായി ചേർന്നത്. അടിയന്തിരാവസ്ഥകാലത്ത് ആകാശവാണിയുടെ ആദ്യത്തെ ജില്ലാലേഖകനായി നിയമിക്കപ്പെട്ടത്, അന്നത്തെ ജില്ലാകലക്ടർ ശ്രീ.വിജയനുണ്ണിനമ്പ്യാരുടെ പ്രത്യേക ശുപാർശപ്രകാരമായിരുന്നു. യു.എൻ.ഐ. ലേഖകനായും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. സമുന്നത പത്രപ്രവർത്തകനായി കേരള സർക്കാർ ഏർപ്പെടുത്തിയ പെൻഷൻ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ ഏകപത്രപ്രവർത്തകൻ അദ്ദേഹമാണ്.

മലയാളത്തിലെ മതസാഹിത്യത്തെ സമ്പന്നമാക്കിയ അറുപതോളം കൃതികളുമായി, കേരളത്തിലെ അഹ്മദിയ്യാ സാഹിത്യത്തിന്റെ സിംഹഭാഗവും എൻ. അബ്ദുർറഹീം സാഹിബിന്റെ സംഭാവനകളാണ്. സത്യദൂതന്റെ താളുകളിൽ നിറഞ്ഞുനില്ക്കുന്ന, മസീഹി വെളിച്ചം വിരിയിക്കുന്ന അറിവിന്റേയും ആത്മവിദ്യയുടേയും മുത്തുകൾ വേറെയും. ലോകത്തുള്ള ഏത് സംഭവങ്ങളേയും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പരിപ്രേക്ഷ്യത്തിൽ അപഗ്രഥിച്ചു സമർത്ഥിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമാണ്. പിന്നീട് തിരിഞ്ഞുനോക്കേണ്ടതില്ലാത്തവിധം ഇസ്‌ലാമികമാർഗ്ഗത്തിലുള്ള ഈ സാഹിതീ സപര്യയ്ക്കുള്ള അചഞ്ചലമായ ആവേശവും ആധ്യാത്മികതന്ത്രവും ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാന്തതുല്യമായ ഗ്രന്ഥങ്ങളിൽനിന്ന് നേടിയെടുത്തതാണെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. യുക്തിവാദികൾക്കും മതനിഷേധികൾക്കും മൗദൂദികൾക്കും, വഹാബികൾക്കും ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും മറ്റെല്ലാ ശത്രുക്കൾക്കുമെതിരിലുള്ള ആശയപരമായ മേൽകൈയുടെ വിജയഗാഥകൾ പാടുന്നവയാണ് സത്യദൂതന്റെ പഴയകാല താളുകൾ. അദ്ദേഹത്തിന്റെ മുമ്പിൽ ആദ്യത്തെ മൗദൂദി അമീറിന്റെ അടിയറവ് പ്രശസ്തമാണ്. യുക്തിവാദാചാര്യന്മാരായ എ.ടി. കോവൂറും, കുറ്റിപ്പുഴ കൃഷ്ണപിള്ളയും, പവനനും, ഇടമറുകും, എം.ടി.ജോസഫും കലാനാഥനുമെല്ലാം അദ്ദേഹത്തിലൂടെ ഇസ്‌ലാമികാശയത്തിന്റെ അജയ്യത തിരിച്ചറിയേണ്ടിവന്ന നിമിഷങ്ങൾക്കുകൂടി സത്യദൂതന്റെ പുറങ്ങൾ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെ ആകുലതകൾ മുഴുവനും അഹ്മദിയ്യാ സാഹിത്യം സമ്പന്നമാക്കുന്നതിനെക്കുറിച്ചു മാത്രമായിരുന്നു. ഇസ്‌ലാമും അഹ്മദിയ്യത്തും ഖിലാഫത്തും അദ്ദേഹത്തിന്റെ ഓരോ നിശ്വാസവായുവിലുമുണ്ടായിരുന്നു. മർഹൂമിന് അല്ലാഹു മഗ്ഫിറത്തും സ്വർഗ്ഗത്തിൽ സമുന്നതമായ സ്ഥാനവും നൽകുമാറാകട്ടെ എന്ന പ്രാർത്ഥനകളാണ് നമുക്കീയവസരത്തിൽ അദ്ദേഹത്തിന് നൽകാനുള്ള അവസാനത്തെ ഉപഹാരം.



കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ കരിയർ ഗൈഡൻസ് ക്ലാസ്സിനോടനുബന്ധിച്ച് ഒരുക്കിയ വിവിധ സ്റ്റാളുകൾ

## മൗലാനാ മുഹമ്മദ് ഉമർ സംസ്ഥാന കോ-ഓർഡിനേറ്റർ



**ഖാദിയാൻ:** കേരളത്തിലെ ആറ് മേഖലാ അമീർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്നും തബ്‌ലീഖ് തർബിയത്ത് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ സംസ്ഥാന കോ-ഓർഡിനേറ്ററായി സദർ അൻജുമൻ അഹ്മദിയ്യാ നിയമിച്ചു. കേരളത്തിലെ ചീഫ് മിഷനറിയായ ഇദ്ദേഹം ബഹുഭാഷാ പണ്ഡിതനാണ്.

## കാനഡയിലും അൽഖയ്ദ!!!

**കാനഡ. 2006 ജൂൺ 7:** കാനഡയിലെ സൗത്ത് ഒന്റാറിയോ പ്രദേശത്ത് ഭീകരവാദക്കുറ്റം ചുമത്തി അൽഖയ്ദ എന്ന തീവ്രവാദ സംഘടനയുടെ അനുയായികളായ പതിനേഴ് പേർ അറസ്റ്റ് ചെയ്യപ്പെട്ട സംഭവത്തിൽ കാനഡ അഹ്മദിയ്യാ മുസ്‌ലിം വിഭാഗം നടുക്കം രേഖപ്പെടുത്തി. നിരപരാധികളായ ജനങ്ങളെ കൊന്നൊടുക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ അഹ്മദിയ്യാ മുസ്‌ലിം സമൂഹം ശക്തമായി എതിർത്തുവരികയാണ്. ആഭ്യന്തരവും ബാഹ്യവുമായ ശക്തികളാൽ തയ്യാർ ചെയ്യപ്പെടുന്ന ഭീകരപദ്ധതികളിൽനിന്നും കാനഡയെ ദൈവം കാത്തു രക്ഷിക്കട്ടെയെന്നാണ് തങ്ങളുടെ പ്രാർത്ഥനയെന്നും ഒരു സമൂഹമെന്ന നിലയിൽ സ്വന്തം വിശ്വാസപ്രമാണങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും അംഗങ്ങളുടെ സുരക്ഷിതത്വത്തിനും തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും കാനഡ അഹ്മദിയ്യാ അമീർ നസീം മഹ്ദി അറിയിച്ചു.

## കൂടിക്കാഴ്ച

**കാനഡ:** ജൂൺ ആദ്യ വാരത്തിൽ കനേഡിയൻ പ്രധാനമന്ത്രി സ്റ്റീഫൻ ഹാർപർ മുസ്‌ലിം സംഘടനാ നേതാക്കളുമായി ഒരു കൂടിക്കാഴ്ച നടത്തി. കാനഡയിലെ 7 ലക്ഷത്തിലധികം വരുന്ന മുസ്‌ലിം ജനതയ്ക്കിടയിൽനിന്ന് തീവ്രവാദ ജിഹാദിഗ്രൂപ്പുകളെ ഇല്ലാതാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ഈ കൂടിക്കാഴ്ച. മുസ്‌ലിം ജനസാമാന്യത്തിലെ എല്ലാ തരത്തിലുള്ള നിലപാടുകാരേയും ഗവർമ്മെന്റ് ഈ ചർച്ചയിലേക്ക് ക്ഷണിച്ചിരുന്നു. അഹ്മദിയ്യത്തിനെ പ്രതിനിധീകരിച്ച് മൗലാനാ നസീം മഹ്ദി കനേഡിയൻ പ്രധാനമന്ത്രിയുമായി ആശയവിനിമയം നടത്തി.

**അറിയിപ്പ്**

ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ നിർദ്ദേശാനുസരണം തബ്‌ലീഗ് പ്രവർത്തനം ഊർജ്ജിതപ്പെടുത്താനപേക്ഷ.

*തബ്‌ലീഗ് സെക്രട്ടറി*

Published by Dr. Salahudheen, North Illaqa Quaid for Majlis Khuddamul Ahmadiya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.